# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 18 | ലക്കം 11 | പേജ് 8 | ഏപ്രിൽ 1 – 15

2 വൈദികട്രസ്റ്റി സ്ഥാനത്തേക്ക് ഫാ.ഡോ.എം.ഒ.ജോൺ തെരഞ്ഞെടുക്കപ്പെടണം

2 കോനാട്ടച്ചൻ തുടരണമെന്നുള്ളത് വടക്കുള്ളവരുടെ ആഗ്രഹമായി ആരും കരുതരുത്

6 വൈദികട്രസ്റ്റി സ്ഥാനം ആലങ്കാരികമോ

7 സ്വഭാവഹത്യയ്ക്ക് മുൻഗണന നൽകുന്ന പ്രചരണങ്ങളും പ്രസിദ്ധീകരണങ്ങളും

## പിറവം തെരഞ്ഞെടുപ്പിൽ ഓർത്തഡോക്സ് സഭയുടെ നിലപാടുകൾ പരാജയപ്പെട്ടു

മാത്യൂസ് ജോൺ കോട്ടയം

പിറവം : യു.ഡി.എഫ് സർക്കാരിനെതിരെ ആഞ്ഞടിക്കണമെന്നു പറഞ്ഞ് പിറവം തെരഞ്ഞെടുപ്പിനെ നേരിട്ട ഓർത്തഡോക്സ് സഭയുടെ നിലപാടുകൾ പരാജയപ്പെട്ടു. പിറവത്തെ ജനങ്ങൾ ഓർത്തഡോക്സ് സഭയ്ക്കെതിരെ വിധിയെഴുതിയെന്നാണു തെരഞ്ഞെടുപ്പു ഫലത്തെക്കുറിച്ചുള്ള രാഷ്ട്രീയ നിരീക്ഷണം.

കോലഞ്ചേരി പ്രശ്നത്തിൽ ഓർത്തഡോക്സ് സഭയെ സഹായിക്കാതിരുന്ന ഉമ്മൻ ചാണ്ടി സർക്കാരിനെതിരെ പരസ്യമായ നിലപാടു സ്വീകരിച്ചുകൊണ്ടാണ് ഓർത്തഡോക്സ് സഭ തെരഞ്ഞെടുപ്പിനെ നേരിട്ടത്. പിറവത്ത് യു.ഡി.എഫിനെതിരെ നിൽക്കണമെന്നായിരുന്നു തുടക്കത്തിൽ സഭാനേതൃത്വത്തിൽനിന്നുണ്ടായിരുന്ന ആഹ്വാനം. സുന്നഹദോസ് സെക്രട്ടറിയും കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായുമായ ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ അവസാനം വരെ യു.ഡി.എഫിനെതിരെ നിന്നു. കണ്ടനാട് ഭദ്രാസനത്തിലെ പല വൈദികരും വീടുകൾതോറും കയറിയിറങ്ങി യു.ഡി.എഫിനെതിരെ പ്രവർത്തിച്ചതായും പ്രചരണം നടത്തിയതായും പറയുന്നുണ്ട്. അനൂപ് ജേക്കബിനും, ഉമ്മൻ ചാണ്ടിക്കും മറ്റു ചില മന്ത്രിമാർക്കും എതിരെ നോട്ടീസുകളും പ്രസ്താവനകകളുമിറങ്ങി. മന്ത്രി ബാബുവിനെ ജാതിപ്പേരുപറഞ്ഞ് ആക്ഷേപിച്ചതായിപോലും പരാതി ഉണ്ട്. എല്ലാ രീതിയിലും സഭയുടെ ശക്തി മുഴുവൻ എടുത്തു ശ്രമിച്ചിട്ടും അനൂപ് ജേക്കബ് വൻ ഭൂരിപക്ഷത്തോടെ ജയിച്ചത് ഓർത്തഡോക്സ് സഭയ്ക്ക് അടുത്തകാലത്തുണ്ടായ ഏറ്റവും വലിയ തിരിച്ചടിയാണ്.

ഓർത്തഡോക്സ് സഭ സ്വീകരിക്കുന്ന രാഷ്ട്രീയ നിലപാടുകളോട് സഭാംഗങ്ങൾക്ക് യോജിപ്പില്ലെന്ന് വളരെ വ്യക്തമാക്കുന്നതായിരുന്നു പിറവത്തെ തെരഞ്ഞെടുപ്പുഫലം. അതുപോലെതന്നെ പിറവം നിയോജകമണ്ഡലത്തിൽ ഓർത്തഡോക്സ് സഭാംഗങ്ങളുടെ അംഗസംഖ്യയും പരിഗണനാർഹമല്ലാത്തവിധം വളരെ ചെറുതാണെന്നും പിറവം തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നതായി രാഷ്ട്രീയനിരീക്ഷകർ ചൂണ്ടിക്കാണിക്കുന്നു.

### പാമ്പാക്കുടയിൽ അനൂപിന് വൻ ഭൂരിപക്ഷം

പിറവം : ഓർത്തഡോക്സ് സഭയുടെ വൈദികട്രസ്റ്റിയുടെ സ്വന്തം പള്ളി ഉൾപ്പെടുന്ന പാമ്പാക്കുട പഞ്ചായത്തിൽ അനൂപ് ജേക്കബിന് 1200-ഓളം വോട്ടുകളുടെ വൻഭൂരിപക്ഷം ലഭിച്ചത് യു.ഡി.എഫ് കേന്ദ്രങ്ങളെപ്പോലും അതിശയിപ്പിച്ചിരിക്കുകയാണ്. ഓർത്തഡോക്സ് സഭയുടെ യു.ഡി.എഫ് വിരുദ്ധ നിലപാടിനെ വൈദികട്രസ്റ്റിയുടെ സ്വന്തം പള്ളിക്കാർപോലും തിരസ്ക്കരിച്ചിരിക്കുന്നു എന്നാണിതിനെക്കുറിച്ച് രാഷ്ട്രീയനിരീക്ഷകരുടെ അഭിപ്രായം. അതല്ല വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് സഹായിച്ചതിന് കോനാട്ടച്ചൻ പ്രത്യുപകാരം ചെയ്തതാണ് അനൂപിന്റെ ഭൂരിപക്ഷം പാമ്പാക്കുടയിൽ വർദ്ധിക്കാൻ കാരണം എന്നും പറയുന്നുണ്ട്. അത് ഓർത്തഡോക്സ് സഭയെ സംബന്ധിച്ചിടത്തോളം വഞ്ചനാപരമായിരുന്നു എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

## ഓർത്തഡോക്സ് സഭയുടെ ആഹ്വാനം പിറവത്തെ വോട്ടർമാർ നിരസിച്ചുവെന്ന് ഷിബു ബേബി ജോൺ

പാപത്തിന്റെ ശമ്പളം മരണം എന്ന് ആരോപിച്ച് ഉമ്മൻ ചാണ്ടിക്കെതിരെ ഓർത്തഡോക്സ് സഭ ആഞ്ഞടിച്ചിട്ടും ജനങ്ങളിൽ പ്രതികരണം ഒന്നും ഉണ്ടായില്ലെന്ന് മന്ത്രി ഷിബു ബേബി ജോൺ പറഞ്ഞു. വാസ്തവത്തിൽ പാമ്പാക്കുട ഉൾപ്പെടെയുള്ള നിയോജകമണ്ഡലത്തിലെ ജനങ്ങൾ ഓർത്തഡോക്സ് സഭയുടെ ആഹ്വാനം തിരസ്ക്കരിക്കുകയാണുണ്ടായതെന്നും ഷിബു ബേബി ജോൺ കൂട്ടിച്ചേർത്തു.

ഓർത്തഡോക്സ് സഭാനേതൃത്വത്തിന്റെ നിലപാടുമാറ്റമാണ് യു.ഡി.എഫിന് അനുകൂലമായി തിരിഞ്ഞതെന്ന് ഓർത്തഡോക്സ് സഭാംഗങ്ങൾതന്നെ ആരോപിക്കുന്നുണ്ട്. വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് അനുകൂല വോട്ടുകൾ ലഭിക്കാനായി ഫാ.ജോൺസ് ഏബ്രഹാം കോനാട്ട് യു.ഡി.എഫിനെതിരെയുള്ള കടുത്ത വിമർശനങ്ങളിൽനിന്ന് പിന്മാറി. അതേപോലെ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി തുടരേണ്ടത് ആവശ്യമാണെന്നും അദ്ദേഹം പ്രസ്താവിച്ചു. ഇത് യു.ഡി.എഫിന് ഗുണകരമായി ഭവിച്ചു. അതുകൊണ്ട് പാമ്പാക്കുട പള്ളി ഉൾപ്പെടെയുള്ള പാമ്പാക്കുട പഞ്ചായത്തിൽ യു.ഡി.എഫിന് വൻഭൂരിപക്ഷം ലഭിച്ചു. യു.ഡി.എഫിനെതിരായി സുന്നഹദോസ് സെക്രട്ടറി മാത്രമാണ് അവസാനം വരെ കർശന നിലപാട് സ്വീകരിച്ച് നിലകൊണ്ടത്. അതിന് പ്രയോജനം ഉണ്ടായുമില്ല.

## ഓർത്തഡോക്സ് സഭയുടെ നിലപാടിനോട് ഇതര സഭകൾക്കും സമുദായങ്ങൾക്കും എതിർപ്പ്

പിറവം : കക്ഷിവഴക്കിന്റെ പശ്ചാത്തലത്തിൽ ഓർത്തഡോക്സ് സഭ സ്വീകരിച്ച നിലപാടുകളോട് യാക്കോബായ സഭയ്ക്കു മാത്രമല്ല, പിറവത്തെ ഇതര സഭകൾക്കും സമുദായങ്ങൾക്കും എതിർപ്പുണ്ടായിരുന്നെന്നാണ് തെരഞ്ഞെടുപ്പിൽ അനൂപ് ജേക്കബിന് ലഭിച്ച വൻ ഭൂരിപക്ഷം സൂചിപ്പിക്കുന്നത്. ഓർത്തഡോക്സ് സഭയുടെ നിലപാടിന് വിരുദ്ധമായി ശക്ത

(ശേഷം പേജ് 3-ൽ)

## ഡോ.ജോർജ് ജോസഫ് വീണ്ടും അസോസിയേഷൻ സെക്രട്ടറി

കോട്ടയം : അസോസിയേഷൻ സെക്രട്ടറിയായി ഡോ.ജോർജ് ജോസഫ് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. പ.കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ പഴയ സെമിനാരിയിൽ ചേർന്ന അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി യോഗമാണ് പുതിയ സെക്രട്ടറിയെ തെരഞ്ഞെടുത്തത്. സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിച്ച ഡോ.ജോർജ് ജോസഫിന് 107 വോട്ടും അഡ്വ.ബിജു ഉമ്മന് 80 വോട്ടുകളും ലഭിച്ചു. തെരഞ്ഞെടുക്കപ്പെട്ട 129 മാനേജിംഗ് കമ്മിറ്റി അംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെട്ട 30 അംഗങ്ങളും മെത്രാപ്പോലീത്തന്മാരും ഉൾപ്പെടെ 187 പേരാണ് വോട്ടുരേഖപ്പെടുത്തിയത്. ഒരു വോട്ടും അസാധുവായില്ല.

കഴിഞ്ഞതവണ അസോസിയേഷൻ സെക്രട്ടറി സ്ഥാനത്തേക്ക് ജോർജ് ജോസഫ് മത്സരിച്ചപ്പോൾ അദ്ദേഹത്തിന് 47 വോട്ടും തൊട്ടടുത്ത എതിർസ്ഥാനാർത്ഥിയായിരുന്ന അഡ്വ.ബിജു ഉമ്മന് 45 വോട്ടുകളും ലഭിച്ചിരുന്നു. മറ്റ് മൂന്നുപേർകൂടി മത്സര രംഗത്തുണ്ടായിരുന്നു. രണ്ട് വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് അന്ന് ഡോ.ജോർജ് ജോസഫ് ജയിച്ചത്. ഇത്തവണ ഒരു എതിർസ്ഥാനാർത്ഥി മാത്രമെ ഉണ്ടായിരുന്നുള്ളു. 107 വോട്ടുകൾ കരസ്ഥമാക്കി 27 വോട്ടുകളുടെ ഭൂരിപക്ഷത്തിന് ജയിക്കുവാൻ ഡോ.ജോർജ് ജോസഫിന് സാധിച്ചു.

മാനേജിംഗ് കമ്മിറ്റിയോഗത്തിൽ യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്താ ധ്യാനപ്രസംഗം നടത്തി. കാലം ചെയ്ത കോപ്റ്റിക് ഓർത്തഡോക്സ് സഭാ പാത്രിയർക്കീസ് പ.പോപ് ഷെന്യൂഡയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം വർക്കിംഗ് കമ്മിറ്റി അംഗം ഡോ.അലക്സാണ്ടർ കാരയ്ക്കൽ അവതരിപ്പിച്ചു.

## മരിക്കുന്നതുവരെ അത്മായ ട്രസ്റ്റി സ്ഥാനത്തു തുടരണമെന്നാണ് ബാവായുടെ ആഗ്രഹമെന്ന് എം.ജി.ജോർജ് മുത്തൂറ്റ്

കോഴഞ്ചേരി : മരിക്കുന്നതുവരെ താൻ അത്മായട്രസ്റ്റിയായി തുടരണമെന്നാണ് പ.ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ആഗ്രഹമെന്ന് എം.ജി.ജോർജ് മുത്തൂറ്റ്. കോഴഞ്ചേരി ആശുപത്രിയോടനുബന്ധിച്ചുള്ള നേഴ്സിംഗ് സ്ക്കൂൾ ഓഡിറ്റോറയത്തിൽ വൈദിക-അത്മായട്രസ്റ്റി തെരഞ്ഞെടുപ്പു പ്രചരണങ്ങൾക്ക് നേതൃത്വം നൽകിയ മുത്തൂറ്റ് ജീവനക്കാർക്കു വിരുന്നു നൽകി 18-03-12 ഞായറാഴ്ച സംഘടിപ്പിച്ച സമ്മേളത്തിൽ പ്രസംഗിക്കുകയായിരുന്നു മുത്തൂറ്റ് എം.ജി.ജോർജ് . കയ്യിൽ പൈസ ഉള്ളവരുണ്ട്, മനസ്സുള്ളവരും ധാരാളം ഉണ്ട്. പൈസായും മനസ്സുമുള്ളവർ മുത്തൂറ്റിനെപ്പോലെ അധികമില്ലാ എന്നും പ.ബാവാ പറഞ്ഞതായി അദ്ദേഹം പ്രസ്താവിച്ചു.

## വടക്കൻ ഭദ്രാസനങ്ങളിൽ ഓർത്തഡോക്സ് സഭയ്ക്ക് ഒന്നൊന്നായി പള്ളികൾ നഷ്ടപ്പെടുന്നു

## പഴന്തോട്ടം പള്ളി നഷ്ടമായത് ഓർത്തഡോക്സ് സഭയുടെ വലിയ പരാജയം

സാജു ഏബ്രഹാം കോലഞ്ചേരി

ആലുവ : വർഷങ്ങളായി ഓർത്തഡോക്സ് സഭയുടെ പൂർണ്ണ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഇരുന്ന പഴന്തോട്ടം പള്ളി സംബന്ധിച്ചുണ്ടായ ഹൈക്കോടതിവിധി മലങ്കരസഭയ്ക്കേറ്റ വലിയ പ്രഹരമായി കണക്കാക്കപ്പെടുന്നു. മലങ്കരസഭയുടെ കേസുനടത്തിപ്പിലെ പരാജയവും അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ പോളീകാർപ്പോസിന്റെയും, പഴന്തോട്ടം പള്ളിവികാരി മത്തായി ഇടയനാൽ കോർഎപ്പിസ്കോപ്പായുടെയും പിടിപ്പുകേടുകൊണ്ടും മാത്രമാണ് പള്ളി നഷ്ടമായതെന്നാണ് അങ്കമാലി ഭദ്രാസനത്തിലെ ഭൂരിപക്ഷവും വിശ്വസിക്കുന്നത്. വെറും പ്രസ്താവനകൾ ഇറക്കിയതുകൊണ്ടു കാര്യമില്ല. നേരെ ചൊവ്വെ കേസുകൾ നടത്തണം. അതല്ലെങ്കിൽ രാഷ്ട്രീയപിന്തുണ ആർജ്ജിക്കാൻ സാധിക്കണം. ഇതുരണ്ടുമില്ലാതെ പള്ളികൾ സംരക്ഷിച്ചുനിർത്താൻ സാധിക്കുകയില്ല.

കഴിഞ്ഞ നാൽപതോളം വർഷങ്ങളായി കേസു നിലനിൽക്കുന്ന പള്ളിയാണ് പഴന്തോട്ടം പള്ളി. ഭൂരിപക്ഷം വിശ്വാസികളും യാക്കോബായ വിഭാഗത്തിലാണ്. എങ്കിലും പള്ളി ഓർത്തഡോക്സ് സഭയുടെ കൈവശമായിരുന്നു. ഓർത്തഡോക്സ് സഭയ്ക്ക് മാത്രമായിരുന്നു അവിടെ കുർബ്ബാനയും മറ്റു കർമ്മങ്ങളും അനുഷ്ഠിക്കുവാൻ സ്വാതന്ത്ര്യം. എങ്കിലും ഇക്കാലഘട്ടത്തിനിടയിൽ മറുവിഭാഗത്തിൽപ്പെട്ട ഒരുവിശ്വാസിയെപ്പോലും ഓർത്തഡോക്സ് വിഭാഗത്തിലേക്ക് കൊണ്ടുവരുവാൻ വികാരിക്കോ ഇടവകഭരണസമിതിക്കോ സാധിച്ചില്ല. ലക്ഷങ്ങൾ ചെലവഴിച്ചെങ്കിലും കാര്യക്ഷമമായി കേസും നടത്താൻ കഴിഞ്ഞില്ല. യാക്കോബായക്കാർക്കനുകൂലമായ വിധികളുണ്ടായി. ഇനിയും പള്ളി പൂട്ടിക്കുക എന്നതു മാത്രമാണ് സഭയുടെ മുമ്പിലുള്ള ഏക പോംവഴി. ഇത്രത്തോളം കാര്യങ്ങൾ എത്തിച്ചേർന്നിട്ടും കാര്യക്ഷമമായി ഒന്നും ചെയ്യുവാൻ ഭദ്രാസന നേതൃത്വത്തിന് സാധിക്കുന്നില്ല. ഇപ്പോൾ പള്ളി നഷ്ടമായി എന്നുതന്നെ പറയാം. മലങ്കരസഭയുടെ കേസു നടത്തിപ്പിലെ പരാജയംകൊണ്ട് വടക്കൻപ്രദേശങ്ങളിൽ പല പള്ളികളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

# സമർപ്പണം, ആത്മാർത്ഥത, കഠിനാദ്ധ്വാനം

## മാധ്യമ ദീപം

ഫാ.സി.ഡി.തോമസ്
വടകോട്

### ശലഭങ്ങൾ

അടൂർ-കടമ്പനാട് ഭദ്രാസനത്തിലെ സണ്ടേ സ്ക്കൂൾ പ്രസിദ്ധീകരണമായ ശലഭങ്ങൾ ത്രൈമാസികയുടെ ജനുവരി–മാർച്ച് ലക്കം കെട്ടിലും മട്ടിലും നന്നായിരിക്കുന്നു. ദൈവ വചനം പ്രകാശഗോപുരമാണെന്നും നിത്യവും വേദപുസ്തകം വായിക്കണ മെന്നും അഭി.അപ്രേം തിരുമേനി കുട്ടികളെ ഉദ്ബോധിപ്പിക്കുന്നു. കുട്ടികളും മുതിർന്ന വരും എഴുതിയിട്ടുള്ള കഥകൾ, കവിതകൾ, ബൈബിൾ പ്രശ്നോത്തരി, നുറുങ്ങുകൾ, ചിത്രകഥ, കാർട്ടൂൺ, പെയിന്റിംഗുകൾ, പദ പ്രശ്നം തുടങ്ങിയ എല്ലാ വിഭവങ്ങളുമുണ്ട് ശലഭങ്ങളിൽ.

### ഏകാഗ്രത

പരീക്ഷ എഴുതുന്ന കുട്ടികളും അവരുടെ മാതാപിതാക്കളും അറിയേണ്ട അനേക കാര്യ ങ്ങൾ ആയുരാരോഗ്യം മാസികയിൽ കൊടു ത്തിരിക്കുന്നു. മനസ്സിനെ മെരുക്കിയാൽ ഏകാഗ്രതയും ബുദ്ധിശക്തിയും വർദ്ധി ക്കും. പരീക്ഷാപേടിക്കു കാരണം ഉറച്ചു നിൽക്കാത്ത മനസ്സാണ്. നമ്മുടെയെല്ലാം മന സ്സുകൾ ചില വികൃതിക്കുട്ടികളെപ്പോലെയാ ണ്. നിബന്ധനകളുടെ കയർ അല്പനമൊന്ന് അയച്ചുകൊടുത്താൽ വീട് കുട്ടിച്ചോറാക്കും. വിശപ്പും ഏകാഗ്രതയെ കൊല്ലുന്നു. ബ്രേക്ക്ഫാസ്റ്റ് കഴിക്കാതിരിക്കുന്നത് നന്നല്ല. ഇതുകാരണം തലച്ചോറിന് ആവശ്യമായ ഊർജ്ജം ലഭിക്കാതെപോകുന്നു. കുട്ടികൾ പരീക്ഷാകാലത്ത് ബ്രേക്ക്ഫാസ്റ്റ് ഉറപ്പായും കഴിച്ചിരിക്കണം.

പേരന്റിംഗ് പംക്തിയിൽ കുട്ടികളെ അണു വിമുക്തരാക്കേണ്ടതു സംബന്ധിച്ച കാര്യങ്ങ ളാണ് കൊടുത്തിരിക്കുന്നത്. സ്ക്കൂളിലെ ക്ലാസ്സ്റൂം, ടോയ്‌ലറ്റ് എന്നിവിടങ്ങ ളിൽനിന്നും അണുബാധയുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. കൊതുക്, ബാക്ടീ രിയ എന്നിവ നൽകുന്ന പകർച്ചവ്യാധിയും കുട്ടിക്ക് ഇവിടെനിന്ന് പകരാം. സ്പോർട്സിൽ പങ്കെടുക്കുന്ന കുട്ടികൾക്കും ജിംനേഷ്യത്തിൽ പോകുന്നവർക്കും അണു ബാധയുണ്ടാകാം. രോഗങ്ങളുള്ളവർ കുട്ടിക ളുടെ അടുത്തുപോകുന്നതും താലോലിക്കു ന്നതും ഒഴിവാക്കുക.

### അത്മായവേദി വിഷംചീറ്റുന്നു

സാമൂഹ്യനീതിയുടെ പ്രവാചകന് യാത്രാ മൊഴി എന്ന ശ്രദ്ധേയമായ കുറിപ്പോടെയാണ് മലങ്കരസഭാദീപം മാർച്ച് പ്രഥമലക്കം ഇറങ്ങി യിരിക്കുന്നത്. ഗീവർഗീസ് മാർ ഒസ്താത്തി യോസ് മെത്രാപ്പോലീത്തായ്ക്ക് പതിനായിര ങ്ങളുടെ അന്ത്യാഞ്ജലി എന്ന റിപ്പോർട്ടുമു ണ്ട്. സ്വഭാവഹത്യയ്ക്ക് മുൻഗണന നൽകുന്ന പ്രചരണങ്ങളെയും പ്രസിദ്ധീകര ണങ്ങളെയും കുറിച്ച് ഷാജി മഠത്തിലേത്ത് എഴുതുന്നുണ്ട്. സഭയിൽ തെരഞ്ഞെടുപ്പ് വരുമ്പോൾ മാത്രം ഇറങ്ങുന്ന അത്മായവേ ദിയാണ് സമൂഹത്തെ വിഷലിപ്തമാക്കുന്ന തിൽ മുൻപന്തിയിൽ. ഏറെക്കാലം അത് കാലംചെയ്ത മക്കാറിയോസ് തിരുമേനിക്കെ തിരെ കാളകൂടം ചീറ്റിക്കൊണ്ടിരുന്നു. ഇപ്പോൾ എം.ഒ.ജോണച്ചനെതിരെയും. ആലുവാ തൃക്കുന്നതത്ത് സെമിനാരിയിൽ ശ്രേഷ്ഠബാവാ കയറിയതെപ്പോഴെന്നതു സംബന്ധിച്ച വി.തോമസ് ആലുവായുടെ ലേഖനവുമുണ്ട്.

### വിപ്ലവകാരി

കാരുണികൻ മാസികയിലെ മാർത്തോമ്മാ നസ്രാണി സഭയുടെ ചരിത്ര മുഹൂർത്തങ്ങൾ കൊടുത്തിട്ടുണ്ട്. തർക്കത്തിന്റെ അടയാളം എന്ന ഡോ.മാത്യു ഇല്ലത്തുപറമ്പിലിന്റെ ലേഖനം കാലികപ്രാധാന്യമുള്ളതാണ്. ക്രിസ്തുവിനെ ചുറ്റിപ്പറ്റി വിവാദവും തർക്കവും ഉയർന്നുവരുമ്പോൾ ക്രൈസ്ത വരും സഭയും അവരോട് പ്രതികരിക്കേണ്ട വിധവും കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടെ കൂടെ ക്രിസ്തുചിത്രം പ്രതിഷ്ഠിച്ചതിന്റെയും തിരുവത്താഴ ചിത്രം വികലമാക്കി കാർട്ടൂൺ വരച്ചതിന്റെയും പശ്ചാത്തലത്തിലുള്ള അന്വേഷണമാണ് ലേഖനം.

യേശുക്രിസ്തുവിനെ വിപ്ലവകാരി എന്ന് ആർക്കും വിളിക്കാം. പക്ഷെ അത് കമ്മ്യൂ ണിസ്റ്റുകൾ വിവക്ഷിക്കുന്ന സായുധ വിപ്ല വമല്ല, സ്നേഹത്തിന്റെ വിപ്ലവമാണ്. മറ്റൊന്ന് എന്തെല്ലാം നന്മയുടെ വിശേഷണങ്ങൾ ക്രിസ്തുവിന് കൊടുത്താലും അവൻ ദൈവ പുത്രനാണ് എന്നുള്ളത് പറയാതിരുന്നാൽ ആ വിശേഷണങ്ങളെല്ലാം അപൂർണ്ണമാകും എന്നതാണ്.

ഭാരതത്തിന്റെ ആത്മീയ സാധനയായി രുന്ന യോഗസാധനയെ പരിചയപ്പെടുത്തുന്ന പംക്തിയിൽ ഫാ.സൈജു തുരുത്തിയിൽ എഴുതിരിയിരിക്കുന്നത് പഞ്ചമയ കോശത്തെ ക്കുറിച്ചാണ്. അന്നമയകോശം, പ്രാണമയ കോശം, മനോമയകോശം, വിജ്ഞാനമയ കോശം, ആനന്ദമയകോശം എന്നിവയെക്കു റിച്ച് അതിൽ വിശദമാക്കുന്നുണ്ട്.

### സോഫ്റ്റ് ഡ്രിങ്കുകൾ സോഫ്റ്റോ

കുട്ടികളിലെ പഠനവൈകല്യങ്ങളെക്കുറിച്ച് ഡോ.എബ്രഹാം കെ.പോൾ നമ്മുടെ ആരോഗ്യം മാസികയിൽ എഴുതുന്നു. വാക്കുകൾ സൂക്ഷ്മമായി ശ്രദ്ധിക്കാതെ വാക്കിന്റെ ആദ്യഭാഗം മാത്രം കണ്ട് ബാക്കി ഊഹിച്ച് വായിക്കാനുള്ള പ്രവണത ചില കുട്ടികളിൽ പ്രകടമാണ്. പഠനവൈകല്യമു ണ്ടെന്നു സംശയിക്കപ്പെടുന്ന ഒരു കുട്ടിക്ക് മാതാപിതാക്കളുടെ സജീവ സഹകരണ ത്തോടെയുള്ള ഒരു സമഗ്രപരിശോധന ആവ ശ്യമുണ്ട്. കേരളത്തിലെ സ്ക്കൂൾ കുട്ടിക ളിൽ പത്തുശതമാനംപേരെങ്കിലും കുറഞ്ഞ യളവിലെങ്കിലും പഠനവൈകല്യം ബാധിച്ച വരാണ്. ഈ കുട്ടികൾക്ക് പ്രത്യേക പരിഗ ണന നൽകാൻ സ്ക്കൂളുകൾ തയ്യാറാകണം. അദ്ധ്യാപകർ കുട്ടികളുടെ പരിമിതികൾ മന സ്സിലാക്കി നൂതന മാർഗ്ഗങ്ങളിലൂടെ കുട്ടിയെ പഠിപ്പിക്കാനായി ശ്രമിക്കേണ്ടത് ആവശ്യമാ ണ്.

സോഫ്റ്റ് ഡ്രിങ്കുകൾ സേഫാണോ എന്ന ഡോ.ജി.ആർ.ജയകുമാറിന്റെ ലേഖനം ശ്രദ്ധേയമാണ്. യാത്രാവേളകളിലും വേനൽക്കാലത്തും വിയർപ്പിലൂടെ ശരീര ത്തിൽനിന്നും നഷ്ടപ്പെടുന്ന ലവണങ്ങൾ വീണ്ടും ശരീരത്തിലെത്തിക്കാൻ കരിക്കിൻ വെള്ളമാണ് ഏറ്റവും മികച്ചത് എന്ന് അതിൽ ചൂണ്ടിക്കാണിക്കുന്നു.

### കേരളം ചിരിക്കുന്നു

വോയ്സ് ഓഫ് വെൽത്ത് സാമ്പത്തിക വിശകലനങ്ങൾകൊണ്ട് സവിശേഷ ശ്രദ്ധയാ കർഷിക്കുന്നു. ബഡ്ജറ്റിലെ മുഖ്യ അജണ്ട ധനകാര്യ അച്ചടക്കമാകുമെന്ന് അതിൽ മുൻകൂട്ടി കണ്ടിരിക്കുന്നു. ആശ്വാസം പകർന്ന് പണപ്പെരുപ്പം കുറയുന്നുവെന്ന റിപ്പോർട്ടുമുണ്ട്. ഭക്ഷ്യോത്പാദനം റിക്കോഡാ കുമെന്നും റബ്ബർവില ഇനിയും മെച്ചപ്പെടു ത്തുമെന്നുമുള്ള വാർത്തകളും നൽകിയിരി ക്കുന്നു. രൂപ താഴുമ്പോൾ ഇന്ത്യ കരയുന്നു. കേരളം ചിരിക്കുന്നു എന്ന രാം കിരണിന്റെ ലേഖനം പഠനാർഹമാണ്. കേരളത്തിൽനി ന്നുള്ള ഏതാണ്ട് 25 ലക്ഷം കുടുംബങ്ങ ളിൽനിന്നുള്ളവർ വിദേശത്ത് ജോലി ചെയ്യു ന്നതിന്റെ അടിസ്ഥാനമാണ് ആ ചിരിക്ക് കാര ണം. അർത്ഥേശൻ ഇന്ദ്രിയേശനാകണമെന്ന ഡോ.എൻ.രാജന്റെ ലേഖനത്തിൽ എഴുത്ത ച്ഛന്റെ കവിത കുറിച്ചിട്ടുണ്ട്.

വിത്തവും ധാന്യങ്ങളും ജീവനും നശിച്ചു പോ–

മുത്തമനാകുന്നവനിന്ദ്രിയജയം വേണം

അർത്ഥേശനിന്ദ്രിയേശനല്ലെങ്കിലവനു ള്ളോ–

രർത്ഥവും നശിച്ചുപോം ക്ഷിപ്രമെന്നറി ഞ്ഞാലും

### നോമ്പുകാല ചിന്തകൾ

പൗരസ്ത്യതാരം മാസികയുടെ എഡിറ്റോ റിയലും ഇടയസന്ദേശവും ഉയർപ്പുപെരുന്നാ ളിന്റെ അനുഗ്രഹാശിസ്സുകൾ നേർന്നുകൊ ണ്ടുള്ളതാണ്. മാർച്ച് 7ന് പത്തനംതിട്ടയിൽ നടന്ന അസോസിയേഷനിൽ പ.ബാവാ തിരു മേനി ചെയ്ത പ്രസംഗം അതേപടി നൽകി യിട്ടുണ്ട്. കാലംചെയ്ത ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി നേരച്ചെ എഴുതിയ ചില നോമ്പുകാലചിന്തൾ എന്ന ലേഖനവും ചിന്തോദ്ദീപകമാണ്. സ്ലീബാവന്ദ നവ് വിഗ്രഹാരാധനയോ എന്ന പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ലേഖ നവും പുനപ്രസിദ്ധീകരിച്ചിട്ടുള്ളത് കാലിക പ്രസക്തമാണ്. പെസഹാ ആചരണത്തെക്കു റിച്ച് ജോൺ മാത്യു കലഞ്ഞൂർ എഴുതിയ ലേഖനവും പഠനാർഹംതന്നെ. വി.മദ്ബഹാ യിലെ ശുശ്രൂഷകർക്ക് ലഭിക്കേണ്ട പരിശീ ലനം സംബന്ധിച്ച് ഫാ.ആൻഡ്രൂസ് വർഗീ സ് തോമസ് എഴുതിയിട്ടുണ്ട്.

### ക്രൈസ്തവ പീഢനങ്ങൾ

കുടുംബത്തെ തകർക്കുന്ന നിയമങ്ങൾ ഉണ്ടാകാതരിക്കട്ടെ എന്നതാണ് തദ്ദേവൂ സിന്റെ മെയിൻ ഹെഡ്ഡിംഗ്. ജസ്റ്റിസ് വി. ആർ.കൃഷ്ണയ്യരുടെ നേതൃത്വത്തിൽ തയ്യാ റാക്കിയ നിയമങ്ങൾ പലതും കുടുംബം എന്ന പവിത്രമായ സംവിധാനത്തെ പൂർണ്ണ മായും തകിടം മറിക്കുന്നതാണെന്ന് അതിൽ ചൂണ്ടിക്കാണിക്കുന്നു. ജീവിതത്തിലെ പരാ ജയങ്ങൾ ദൈവശിക്ഷയല്ല എന്നതാണ് മഹാ പുരോഹിത സന്ദേശത്തിൽ കൊടുത്തിരിക്കു ന്നത്. ശ്രേഷ്ഠ കാതോലിക്കാ ബാവാ തൃക്കു ന്നത്തു കബറിങ്കൽ വി.കുർബ്ബാന അർപ്പിച്ചു എന്ന വിവാദവാർത്തയും വാദപ്രതിവാദ ങ്ങളും പ്രഥമപേജിൽതന്നെയുണ്ട്. യേശു വിനെ ഏതു സംഘടനയ്ക്കും സ്വന്തം നില യിൽ കാണാം എന്ന യാക്കോബായസഭ യുടെ അഭിപ്രായം ബോക്സ് ന്യൂസിൽ നൽകിയിട്ടുണ്ട്. ക്രിസ്തു ആരുടേയും കുത്തകയല്ല എന്നതാണ് മറ്റൊരു ലേന ത്തിന്റെ തലക്കെട്ട്. ക്രൈസ്തവർക്കെതിരെ പീഢനങ്ങൾ; ആശങ്ക വർദ്ധിപ്പിക്കുന്നു എന്ന ആശങ്കാജനകമായ റിപ്പോർട്ടും ഉണ്ട്. കഴി ഞ്ഞവർഷം 2141 ക്രിസ്ത്യാനികൾ ഇന്ത്യ യുടെ വിവിധ ഭാഗങ്ങളിലായി മതതീവ്രവാ ദികളുടെ ആക്രമണങ്ങൾക്കു വിധേയമായി.

### കുടുംബം മഹത്തരം

കുന്നംകുളം ഭദ്രാസനത്തിന്റെ ഔദ്യോ ഗിക ത്രൈമാസികയായ സഭാജ്യോതിസ്സ് നല്ല നിലവാരം പുലർത്തുന്നു. ദൈവഹിതം എന്ന പേരിൽ ഡോ.ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുമായുള്ള അഭിമുഖം കൊടുത്തിട്ടുണ്ട്. അതിൽ അദ്ദേഹം പറ യുന്നു പാശ്ചാത്യലോകം മോശമാണ് എന്ന് ചിന്തിക്കുന്നതിൽ കഴമ്പില്ല. വളരെ മികച്ച രീതിയിൽ ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്ന സ്വദേശികളും വിദേശികളും അവി ടെയുണ്ട്. മറ്റൊരു ചോദ്യത്തിന് ഉത്തരമായി പറയുന്നു. നമുക്ക് ഒരു സമരപദ്ധതി നടത്ത ണമെങ്കിൽ കൺസ്ട്രക്റ്റീവായി ചെയ്യണം. ഹർത്താൽദിനത്തിൽ യുവാക്കൾ നിരത്തിലി റങ്ങി എന്തെങ്കിലും തല്ലപ്പൊട്ടിക്കുകയല്ല ചെയ്യേണ്ടത്.

സാഹോദര്യത്തിന്റെയും പരസ്പര ബഹു മാനത്തിന്റെയും ഉറവിടമാണ് കുടുംബം എന്ന് ഫാ.റെജി മാത്യു എഴുതുന്നു. നമ്മോ ടൊപ്പം വസിക്കുന്ന മനുഷ്യരുടെ ചെറിയചെ റിയ വൈകല്യങ്ങളും അപരാധങ്ങളും ഓർത്ത് നാം അവരെ വെറുക്കുകയും അവ മതിക്കുകയും ചെയ്യുന്നത് അപരാധമാണ്.

### എഞ്ചിനീയറും ഡോക്ടറും

സോദോംഗൊമോറ നമുക്ക് വേണ്ട എന്ന വാർത്ത സണ്ടേശാലോം പത്രത്തിൽ പ്രഥമ പേജിൽ കൊടുത്തിരിക്കുന്നു. കുടുംബജീവി തത്തിന്റെ താളം തെറ്റിക്കുന്നതും ലൈംഗിക അരാജകത്വത്തിന് വഴിവെയ്ക്കുന്നതുമായ സ്വവർഗ്ഗ വിവാഹം നിരോധിക്കണമെന്ന് ട്രസ്റ്റ് ഗോഡ് മിനിസ്ട്രി പ്രസിഡന്റ് സെബാ സ്റ്റ്യൻ കാട്ടൂക്കാരൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടതാണ് വാർത്തയിലെ പ്രമേയം. കുട്ടിക്കുറുമ്പ് പരിധിവിടുമ്പോൾ എന്ന ജെയ്മോൻ കുമരകത്തിന്റെ ലേഖനം എല്ലാ മാതാപിതാക്കളും വായിച്ചിരിക്കേണ്ടതാണ്. പഴയതുപോലെ കുട്ടിക്കൂട്ടങ്ങളില്ലാ നമ്മുടെ വീടുകളിൽ. പേരിന് ഒന്നോ രണ്ടോ അതു തന്നെ കൂടുതൽ. മകനെ എഞ്ചിനീയറാക്ക ണമെന്നും മകളെ ഡോക്ടറാക്കണമെന്നും എൽ.കെ.ജി.മുതലേ മാതാപിതാക്കൾ സ്വപ്നം കാണുന്നു. അതുകൊണ്ട് സ്ക്കൂൾടെസ്റ്റിനും മറ്റും ഒന്നോ രണ്ടോ മാർക്ക് കുറഞ്ഞാൽ കുട്ടി കടുത്ത എന്തോ പാപം ചെയ്തതുപോലെയാണ് മാതാപിതാക്ക ളുടെ സമീപനം. പരീക്ഷയിലെ മാർക്ക് മാത്രം കണക്കാക്കി കുട്ടിയുടെ സാമർത്ഥ്യം അളക്കുമ്പോൾ കുട്ടിയുടെ മറ്റ് കഴിവുകൾ എല്ലാം അവഗണിക്കപ്പെടുന്നു.

### പതിരാകരുത് കതിരുകൾ

ബഥേൽ പത്രികയുടെ മുഖപത്രിക പത്ത നംതിട്ട അസോസിയേഷനെക്കുറിച്ചാണ്. മല ങ്കര അസോസിയേഷനും സ്ഥാനമോഹ ങ്ങളും എന്ന ഒരു ലേഖനം തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ എഴു തിയിട്ടുണ്ട്. പൊതുതെരഞ്ഞെടുപ്പിന് സമാന മായ വീറും വാശിയും ഇത്തവണത്തെ സഭാ തെരഞ്ഞെടുപ്പിന് ഉണ്ടായിരുന്നുവെന്ന് അതിൽ വിലയിരുത്തുന്നു. വ്രതശുദ്ധിയുടെ പുണ്യദിനങ്ങൾ എന്ന ജേക്കബ് ഉമ്മൻ മുള ക്കുഴയുടെ ലേഖനം വിശുദ്ധചിന്തകളിലേക്ക് നമ്മെ കൊണ്ടുപോകുന്നു. ഫാ.തോംസൺ റോബിയുടെ മാർ ഒസ്താത്തിയോസ് പ്രകാ ശഗോപുരം എന്ന ലേഖനം തിരുമേനിയുടെ അപൂർവ്വ വ്യക്തിത്വത്തിലേക്ക് വിരൽചൂണ്ടു ന്നു. ഇടവകകളിലെ വനിതാ പ്രാതിനിധ്യം എന്ന വർഗീസ് ജോൺ തോട്ടപ്പുഴയുടെ ലേഖനം യാഥാർത്ഥ്യബോധത്തോടെയുള്ള താണ്. ശിഥിലമാകുന്ന കുടുംബബന്ധങ്ങളും പതിരാകുന്ന കതിരുകളും ഇന്നത്തെ വിവാ ഹമോചനങ്ങളുടെ ആധികൃത്തിലേക്ക് നമ്മുടെ ചിന്തയെ ഉണർത്തുന്നു.

### മാർ അന്ത്രയോസ് സ്മൃതി

പടിഞ്ഞാറേ കല്ലട സെന്റ് മേരീസ് പള്ളി യുടെ പ്രസിദ്ധീകരണമാണ് അന്ത്രയോസ് സ്മൃതി 2012. മാർ അന്ത്രയോസ് ബാവായും സൗഖ്യതീർത്ഥവുമെന്ന ഫാ.ജോസ് എം.ഡാ നിയേലിന്റെ ലേഖനത്തിൽ പറയുന്നു വാഴ്ത്തിയ ജലമാണ് തീർത്ഥം. തീർത്ഥം അനുഗ്രഹദായകമാണ്. മാർ അന്ത്രയോസ് ബാവായുടെ സാന്നിദ്ധ്യമുണ്ടായ ഉറവകൾ ഇന്നും ആശ്വാസദായകമാണ്. സുഗന്ധം പര ത്തുന്ന കല്ലട പള്ളി എന്നാണ് ഫാ.സോളു കോശി രാജുവിന്റെ ലേഖനത്തിന്റെ തലക്കെ ട്ട്. നൂറ്റാണ്ടുകളായി ആത്മീയ സൗരഭ്യം വിത റുന്ന.......പ്രകാശഗോപുരമായ കല്ലപള്ളി...... ദേശത്തിന്റെ ആത്മീയശ്രോതസ്സായി സ്നേഹ ത്തിന്റെയും സാഹോദര്യത്തിന്റെയും മത സൗഹാർദ്ദത്തിന്റെയും സംഘമസ്ഥാനമാ യി...... സംസ്ക്കാരത്തിന്റെയും പൈതൃക ചരിത്രസ്മരണകളുടെയും ഈറ്റില്ലമായി കല്ല ടപള്ളി നിലകൊള്ളുന്നുവെന്ന് അതിൽ വില യിരുത്തുന്നു. മാർ അന്ത്രയോസ് ബാവാ യുടെ പെരുന്നാൾ സമാപന റാസ പാട്ടും പരി ശുദ്ധനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും ചേർത്തിട്ടുണ്ട്. തീർത്ഥാടന കേന്ദ്രമായി സഭ പ്രഖ്യാപിച്ചിട്ടുള്ള ഇവിടെ മാർ അന്ത്രയോസ് പബ്ലിക്ക് സ്ക്കൂളും പ്രവർത്തിച്ചുവരുന്നു.

### എല്ലാറ്റിൽനിന്നും അകറ്റുന്നു

കുട്ടികൾക്കുവേണ്ടിയുള്ള ഒരു പ്രസിദ്ധീ കരണമായ ജീസസ് മെയിൽ മാർച്ച് ലക്കം അവർക്കുവേണ്ടി നിരവധി വിഭവങ്ങളും അവധിക്കാല വിനോദങ്ങളും മാസികയി ലൂടെ ഒരുക്കിയിരിക്കുന്നു. മദ്യവും മയക്കു മരുന്നും ഒക്കെ ഉപയോഗിക്കുന്ന, പുകവലി ക്കുന്ന കൗമാരക്കാരുടെ എണ്ണം വർദ്ധിച്ചു വരുന്ന ഇന്നത്തെ കാലത്ത് അവയുടെ ദൂഷ്യ ഫലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം ഇതിൽ നന്നായി നടത്തുന്നുണ്ട്. മദ്യപാന ത്തെക്കുറിച്ച് ഡോ.ഏലിയാമ്മ പുന്നൂസ് എഴുതുന്നു മനസ്സിൽനിന്ന് സമാധാന ത്തെയും ശരീരത്തിൽനിന്ന് ആരോഗ്യ ത്തെയും ബുദ്ധിയിൽനിന്ന് ചിന്താശക്തി യെയും ആമാശയത്തിൽനിന്ന് വിശപ്പി നെയും വായിൽനിന്ന് രുചിയെയും പോക്ക റ്റിൽനിന്ന് പണത്തെയും ഭാര്യയിൽനിന്ന് ഭർത്താവിനെയും മക്കളിൽനിന്ന് പിതാവി

(ശേഷം പേജ് 3-ൽ)

## പിറവത്തെ ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് സഭയോടു കൂറുണ്ടോ!

പിറവം തെരഞ്ഞെടുപ്പ് കഴിഞ്ഞു. ഫലവും വന്നു. യു.ഡി.എഫ്. വൻഭൂരിപക്ഷത്തോടെ വിജയിച്ചു. മലങ്കരസഭ യഥാർത്ഥത്തിൽ പരാജയപ്പെട്ടു.

പിറവം നിയോജക മണ്ഡലത്തിൽ ഇരുപതിനായിരത്തിലധികം ഓർത്തഡോക്സ് വോട്ടർമാരാണുള്ളതെന്നാണ് കണ്ടനാട് ഭദ്രാസന നേതൃത്വത്തിന്റെ അവകാശവാദം. ഈ അവകാശവാദം ശരിയാണോ. ശരിയെങ്കിൽ ഓർത്തഡോക്സുകാരുടെ വോട്ടുകൾ എവിടെപ്പോയി. ഉമ്മൻചാണ്ടി സർക്കാർ സഭയെ വഞ്ചിച്ചുവെന്ന് നാഴികയ്ക്കു നാൽപതുവട്ടം പിതാക്കന്മാരും വൈദികട്രസ്റ്റിയുമൊക്കെ പ്രസ്താവിക്കുന്നുണ്ടായിരുന്നു. എന്നാൽ പിറവത്തെ ഓർത്തഡോക്സ് വോട്ടർമാരെകൊണ്ടുപോലും യു.ഡി.എഫിന് എതിരായി വോട്ടുചെയ്യിപ്പിക്കാൻ സഭനേതൃത്വത്തിനോ ഭദ്രാസന നേതൃത്വത്തിനോ കഴിഞ്ഞില്ല. വടക്കത്തെ പ്രശ്നങ്ങൾ മനസ്സിലാക്കുന്ന വടക്കുനിന്നുള്ള ഒരാൾതന്നെ വൈദികട്രസ്റ്റി ആകണമെന്ന് വടക്കുള്ളവർ പറഞ്ഞു. അതു വെറും തട്ടിപ്പായിരുന്നുവെന്ന് ഇപ്പോൾ മനസ്സിലായില്ലേ. തരംപോലെ ഓരോന്നു പറയുകയും, വേണ്ടസ്ഥലത്ത് വേണ്ടപോലെ പ്രതികരിക്കാതിരിക്കുകയും ചെയ്യുക. നഷ്ടം ഓർത്തഡോക്സ് സഭയ്ക്ക് മാത്രം. സ്വന്തം തട്ടകത്തിൽ സർക്കാരിനെതിരെ പ്രതികരിക്കാൻ സാധിക്കാതിരുന്ന വടക്കർക്ക് തെക്കൻ ഭദ്രാസനങ്ങളിലുള്ളവർ പ്രതികരിക്കണമെന്നു പറയാൻ എങ്ങനെ സാധിക്കും. ഒന്നുകിൽ പിറവം മണ്ഡലത്തിൽ ഓർത്തഡോക്സുകാരുടെ സംഖ്യ വളരെ കുറവാണെന്നു സമ്മതിച്ചു മിണ്ടാതിരിക്കുക. ഞങ്ങൾ തോൽപ്പിക്കും, പാഠം പഠിപ്പിക്കും എന്നൊക്കെയുള്ള അർത്ഥശൂന്യമായ പ്രസ്താവനകൾ ഇനിയുമെങ്കിലും ഇറക്കാതിരിക്കുക. അതല്ലെങ്കിൽ തെക്കരുടെ സഹായം അഭ്യർത്ഥിക്കുന്നതിനു മുമ്പെ സ്വയം പ്രതികരിച്ചു കാണിക്കുക.

**സജി മാത്യു ശൂരനാട്**

## മാനദണ്ഡങ്ങൾ മറികടന്ന് നിയമനം; എം.ഒ.സി.കോർപറേറ്റ് മാനേജുമെന്റ് അദ്ധ്യാപകരുടെ ഇടയിൽ വ്യാപകമായ അതൃപ്തി

പത്തനംതിട്ട : മലങ്കര ഓർത്തഡോക്സ് സഭാ കോർപറേറ്റു മാനേജുമെന്റിന്റെ കീഴിലുള്ള സ്ക്കൂളുകളിൽ മാനദണ്ഡങ്ങൾ മറികടന്ന് ചിലരെ ഹെഡ്മാസ്റ്റർമാരായി നിയമിക്കാൻ നീക്കം നടക്കുന്നതായി പരാതി. സീനിയോരിറ്റിയും നിലവിലുള്ള മാനദണ്ഡങ്ങളും മറികടന്ന് നിയമനങ്ങൾ നടത്തുന്നതിൽ കോർപറേറ്റ് സ്ക്കൂൾ അദ്ധ്യാപകരുടെ ഇടയിൽ വ്യാപകമായ അസംതൃപ്തിക്കു കാരണമായിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി നടക്കുന്ന ഈ പ്രവണത മൂലം എല്ലാവർഷവും സ്ക്കൂളിൽ വ്യാപകമായ ഡിവിഷൻഫോൾ ഉണ്ടാകുന്നുണ്ട്. അതതു സമയത്ത് സ്ക്കൂൾ ഭരണം നടത്തുന്ന ചില മാനേജർമാരുടെ കഴിവുകേടായിട്ടും ഇതിനെ ചിലർ വ്യാഖ്യാനിക്കുന്നുണ്ട്.

**ജോൺ ജോസഫ് കാർത്തികപ്പള്ളി**

## വി. യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ഒരു വിശ്വാസി**

## വി. യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ബിജു പാപ്പച്ചൻ**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പുനൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ബിജു പാപ്പച്ചൻ**

## ഓർത്തഡോക്സ് സഭയുടെ ശക്തികേന്ദ്രങ്ങളിൽ ഫാ.ഡോ.എം.ഒ.ജോണിന് വൻ ഭൂരിപക്ഷം

ഷാജി മഠത്തിലേത്ത് (തുമ്പമൺ ഭദ്രാസന കൗൺസിൽ അംഗം)

ഓർത്തഡോക്സ് സഭയുടെ ഉരുക്കുകോട്ടകളും സത്യവിശ്വാസത്തിനും ക്രിസ്തീയതയ്ക്കും സമാധാനത്തിനും മുൻതൂക്കം നൽകി ജനാധിപത്യ സംവിധാനത്തിലെ ഉന്നത മൂല്യങ്ങൾക്ക് മുൻഗണന നൽകി ആരോഗ്യപരമായ തെരഞ്ഞെടുപ്പ് എന്ന തത്വത്തിൽ വിശ്വസിക്കുന്ന കൊല്ലം, അടൂർ-കടമ്പനാട്, തുമ്പമൺ, ചെങ്ങന്നൂർ, മാവേലിക്കര, നിരണം, നിലയ്ക്കൽ, കുന്നംകുളം, സുൽത്താൻബത്തേരി എന്നീ കേരളത്തിലെ ഭദ്രാസനങ്ങളിലും മദ്രാസ്, ബ്രഹ്മവാർ, ബാംഗ്ലൂർ, ബോംബെ, അഹമ്മദാബാദ്, കൽക്കട്ടാ, യു.കെ.-യൂറോപ്പ്-ആഫ്രിക്ക തുടങ്ങിയ 16 ഭദ്രാസനങ്ങളിലും വൈദിക ട്രസ്റ്റി തെരഞ്ഞെടുപ്പിൽ എം.ഒ.ജോണച്ചന് വ്യക്തമായ ഭൂരിപക്ഷം ലഭിച്ചു. ഇടുക്കി മുതൽ തൃശൂർ വരെയുള്ള ഭദ്രാസനങ്ങളിലെ ആകെ വോട്ടും, ചെയ്ത വോട്ടും, രണ്ടു സ്ഥാനാർത്ഥികൾക്കും ലഭിച്ച വോട്ടും വിശകലനം ചെയ്താൽ എം.ഒ.ജോണച്ചനെ എങ്ങനെയും തോൽപിക്കണം എന്ന ചിലരുടെ താൽപര്യത്തിന് ഈ ഭദ്രാസനത്തിലെ വൈദികരും അസോസിയേഷൻ അംഗങ്ങളും ബലിയാടുകൾ ആയി എന്നു തോന്നിപോകും.

സമാധാനത്തിനും അനുരഞ്ജനത്തിനും, വിട്ടുവീഴ്ചയ്ക്കും, സാഹോദര്യസ്നേഹത്തിനും പരസ്പര അംഗീകാരത്തിനും പ്രാധാന്യം നൽകുന്ന നോമ്പുകാലത്ത് മലങ്കരസഭയിൽ നടന്ന ഈ തെരഞ്ഞെടുപ്പിൽ എം.ഒ.ജോണച്ചന്റെ വ്യാപകമായ പിന്തുണയിൽ, ശക്തിയിൽ, വിളറിപൂണ്ട് അദ്ദേഹത്തിന്റെ എതിരാളികൾ ക്രിസ്തീയതയ്ക്ക് യോജിക്കാത്ത പ്രവർത്തനങ്ങൾ നടത്തിയും, തരംതാണ പ്രസ്താവനകൾ ഇറക്കി അതിലൂടെ വോട്ടർമാരെ തെറ്റിദ്ധരിപ്പിച്ചും വടക്കൻ ഭദ്രാസനങ്ങളിലെ പൂട്ടിക്കിടക്കുന്ന പള്ളികളിലെ ലിസ്റ്റ് ഉണ്ടാക്കി അസോസിയേഷൻ അംഗങ്ങളെ സൃഷ്ടിച്ച് വോട്ടുചെയ്യിപ്പിച്ചു. എം.ഒ.ജോണച്ചനെതിരെ പ്രവർത്തിച്ചു എന്ന ഒറ്റ യോഗ്യതയുടെ പേരിൽ നോമിനേറ്റഡ് മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ചില വൈദികരും അത്മായ അംഗങ്ങളും കഴിഞ്ഞ ഒരുമാസം എല്ലാ അതിർവരമ്പുകളും ലംഘിച്ച് പ്രവർത്തിച്ചിട്ടും മലങ്കരസഭയിലെ 30-ൽ 16 ഭദ്രാസനങ്ങളിലും എം.ഒ.ജോണച്ചന് ഭൂരിപക്ഷം ലഭിച്ചു എന്നത് അച്ചന് മലങ്കരസഭയിലെ പ്രത്യേകിച്ച് ഓർത്തഡോക്സ് സഭയിലെ ഉരുക്കുകോട്ടകളിലെ വ്യാപകമായ സ്വാധീനവും പിന്തുണയുമാണ് തെളിയിക്കുന്നത്. അച്ചനെ ഓരോ പ്രാവശ്യവും തകർക്കാൻ ശ്രമിക്കുമ്പോഴും കൂടുതൽ ശക്തിപ്രാപിച്ച് മലങ്കരസഭാവിശ്വാസികളുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടുന്ന എം.ഒ.ജോണച്ചനെയാണ് ഇപ്പോൾ കാണുന്നത്.

ഓർത്തഡോക്സ് പൗരാണികത നിലനിർത്തുന്ന വടക്കൻ ഭദ്രാസനങ്ങളിലെ നമ്മുടെ വിശ്വാസികൾക്ക് എന്നും ശക്തമായ പിന്തുണ നൽകുന്ന തെക്കൻ ഭദ്രാസനത്തിലെ ഭൂരിപക്ഷം വൈദികർക്കും ബഹുമാനപ്പെട്ട അസോസിയേഷൻ അംഗങ്ങൾക്കും ഈ തെരഞ്ഞെടുപ്പിലെ ചിന്ത കോലഞ്ചേരി പ്രശ്നം പോലെയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്ത് വഷളാക്കി. പ. പിതാക്കന്മാരെ സത്യാഗ്രഹത്തിനു നിർബന്ധിതരാക്കി ഇതര സഭകളുടെ ഇടയിലും കേരളത്തിലെ പൊതുസമൂഹത്തിലും ഓർത്തഡോക്സ് സഭയുടെ പേരിന് കളങ്കം ചാർത്തിയവരെ തെരഞ്ഞെടുക്കരുത് എന്നതായിരുന്നു. ഈ തെരഞ്ഞെടുപ്പിലൂടെ ചിലർക്കെങ്കിലും വടക്കൻ വികാരം വളർത്തുവാനും അതിൽനിന്ന് മുതലെടുക്കുവാനും സാധിച്ചു. തെക്കൻ ഭദ്രാസനങ്ങളിലെ വോട്ടുകൾ വിശകലനം ചെയ്താൽ തെക്കൻ ഭദ്രാസനങ്ങളിലെ ബഹുവോട്ടർമാർ സഭയുടെ നന്മ ലക്ഷ്യമാക്കി രണ്ടു സ്ഥാനാർത്ഥികളെയും ഉൾക്കൊണ്ട് നിഷ്പക്ഷമായി വോട്ടുചെയ്തു. വടക്കൻ ഭദ്രാസനങ്ങളിലെ വൈദികർക്കും അസോസിയേഷൻ അംഗങ്ങൾക്കും സ്വതന്ത്രമായി വോട്ട് ചെയ്യാൻ അവസരം ലഭിച്ചിരുന്നെങ്കിൽ കുന്നംകുളം, സുൽത്താൻ ബത്തേരി എന്നീ ഭദ്രാസനങ്ങളിൽ എം.ഒ ജോൺ അച്ചന് ലഭിച്ചതുപോലെ വോട്ട് ലഭിച്ച് അച്ചൻ വൻ ഭൂരിപക്ഷത്തോട് വിജയിക്കുമായിരുന്നു. സഭയുടെ ചില ഔദ്യോഗിക മാസികകൾപോലും പക്ഷാപാതപരമായി എഴുതുകയും പ്രവർത്തിക്കുകയും ചെയ്തു. ഭദ്രാസനങ്ങളിൽനിന്നും മാനേജിംഗ് കമ്മിറ്റിയിലേക്ക് മത്സരിച്ച് തോറ്റ ചിലർ എം.ഒ.ജോണച്ചനെതിരെ പ്രവർത്തിച്ചു എന്ന ഒറ്റ യോഗ്യതകൊണ്ട് നോമിനേറ്റ് ചെയ്യപ്പെട്ട് മാനേജിംഗ് കമ്മിറ്റി അംഗമായി. എല്ലാ ഭദ്രാസനങ്ങളിൽന്നും ഇത്രയുമെല്ലാം എതിർപ്പുകളുണ്ടായിട്ടും അച്ചനെ സ്നേഹിക്കുന്ന ധാരാളം പിതാക്കന്മാരുടെയും വൈദികരുടെയും അസോസിയേഷൻ അംഗങ്ങളുടെയും പിന്തുണകൊണ്ട് അച്ചന് മലങ്കരസഭയിലെ ഭൂരിപക്ഷം ഭദ്രാസനങ്ങളിലും കൂടുതൽ വോട്ട് നേടാനായി. കേരളത്തിലെയും ബാഹ്യകേരളത്തിലെയും ഓർത്തഡോക്സ് ശക്തികേന്ദ്രങ്ങളിലെല്ലാം അച്ചന്റെ സ്വാധീനം വർദ്ധിച്ചു. അച്ചന്റെ ജനപിന്തുണ സ്ഥാപിതതാൽപര്യക്കാർക്കും അഴിമതിക്കാർക്കും ഒരു മുന്നറിയിപ്പുതന്നെയാണെന്ന് സംശയമില്ല.

### സമർപ്പണം...പേജ് 2-ൽനിന്ന്

നെയും സുഹൃത്തുക്കളിൽനിന്ന് സ്നേഹത്തെയും സമൂഹത്തിൽനിന്ന് അംഗീകാരത്തെയും പ്രവർത്തിയിൽനിന്ന് വിവേകത്തെയും, ജോലിയിൽനിന്ന് സംതൃപ്തിയെയും ജീവിതത്തിൽനിന്ന് സന്തോഷത്തെയും മനുഷ്യനിൽനിന്ന് ദൈവത്തെയും അകറ്റുന്നതാണ് മദ്യപാനം.

**മൂന്നുകാര്യങ്ങൾ**

ശാലോം ടൈംസ് മാസികയിൽ ഫാ.പോൾ കൊട്ടാരം കപ്പൂച്ചിൻ സ്വർഗ്ഗത്തിൽ പേരെഴുതുന്ന ദിവസം എന്ന ലേഖനം മാമോദീസായെക്കുറിച്ച് എഴുതിയിട്ടുണ്ട്. ക്രിസ്ത്യാനിയെ സംബന്ധിച്ച് ക്രിസ്തുവിന്റെ സഭയിൽ അംഗമാകുന്ന ദിനമാണ് അവന്റെ പിറന്നാൾ. മറക്കരുതാത്ത മൂന്നു കാര്യങ്ങൾ എന്ന പേരിൽ ചില കാര്യങ്ങൾ കൊടുത്തിരിക്കുന്നത് ശ്രദ്ധേയമാണ്. ഒരിക്കലും തിരിച്ചുവരാത്ത മൂന്നുകാര്യങ്ങളാണ് സമയം, വാക്കുകൾ അവസരങ്ങൾ. ജീവിതത്തെ നശിപ്പിക്കുന്ന മൂന്നു കാര്യങ്ങളാണ് ദേഷ്യം, അഹങ്കാരം, ക്ഷമിക്കാൻ കഴിയാത്ത അവസ്ഥ. ജീവിതത്തിന് അർത്ഥം നൽകുന്ന മൂന്നു ഗുണങ്ങളാണ് പ്രതീക്ഷ സമാധാനം സത്യസന്ധത. ജീവിതത്തിലെ പ്രധാനപ്പെട്ട മൂന്നു ഘടകങ്ങളാണ് സ്നേഹം, കുടുംബവും സുഹൃത്തുക്കളും, അനുകമ്പ. വ്യക്തിത്വം നിർണ്ണയിക്കുന്ന മൂന്നുഘടകങ്ങളാണ് സമർപ്പണം, ആത്മാർത്ഥത, കഠിനാദ്ധ്വാനം.

### ഓർത്തഡോക്സ് സഭയുടെ...പേജ് 1-ൽനിന്ന്

മായ നിലപാടുകൾ കത്തോലിക്കാ സഭയും, എസ്.എൻ.ഡി.പി., എൻ.എസ്.എസ്. തുടങ്ങിയ സമുദായ സംഘടനകളും സ്വീകരിച്ചു. ബി.ജെ.പി.യുടെ വോട്ടുകൾപോലും യു.ഡി.എഫിന് ലഭിച്ചു എന്നാണ് വിലയിരുത്തപ്പെടുന്നത്. ഓർത്തഡോക്സ് സഭയുടെ നിലപാടിനെതിരെ മറ്റു സമുദായങ്ങളുടെയും സഭകളുടെയുമെല്ലാം വോട്ടുകൾ ഏകോപിപ്പിച്ച് കരസ്ഥമാക്കുവാൻ യു.ഡി.എഫിനും മറ്റു വിഭാഗങ്ങളുടെ എതിർപ്പുകൾ ഓർത്തഡോക്സ് സഭയ്ക്കെതിരെ ആക്കുവാൻ യാക്കോബായ വിഭാഗത്തിനും സാധിച്ചു.

# അസോസിയേഷൻ യോഗത്തിന്റെ കണക്ക് അവതരിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് പ.കാതോലിക്കാ ബാവായ്ക്ക് കെ.ഒ.വർഗീസ് പരാതി സമർപ്പിച്ചു

പത്തനംതിട്ട : അസോസിയേഷൻ യോഗത്തിന്റെ നടത്തിപ്പിനെക്കുറിച്ച് അന്വേഷണം നടത്തണമെന്നും വരവുചെലവു കണക്കുകൾ അവതരിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ.കാതോലിക്കാ ബാവാ തിരുമേനി മുമ്പാകെ പത്തനംതിട്ട കിഴക്കേടത്ത് കെ.ഒ.വർഗീസ് പരാതി സമർപ്പിച്ചു. പരാതിയുടെ പൂർണ്ണ രൂപം :

വിഷയം : 2012 മാർച്ച് 7ന് പത്തനംതിട്ടയിൽ നടന്ന മലങ്കര അസോസിയേഷനും അതിനുവേണ്ടി ചെയ്ത ക്രമീകരണങ്ങൾ സംബന്ധിച്ചും.

പ.തിരുമേനി,

2012 മാർച്ച് 7ന് നടന്ന അസോസിയേഷൻ യോഗത്തിന്റെ ക്രമീകരണങ്ങൾക്കായി പ.ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ബേസിൽ ദയറായിൽ പ്രാരംഭയോഗം ചേർന്നിരുന്നുവല്ലോ. തുമ്പമൺ ഭദ്രാസനത്തിൽനിന്നുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ഭദ്രാസന കൗൺസിൽ അംഗങ്ങളും ചില സംഘടനകളുടെ ഏതാനും പ്രതിനിധികളുമടക്കം ഇരുപതിൽ താഴെ പേർ മാത്രമെ അന്ന് സംബന്ധിച്ചിരുന്നുള്ളു. സാധാരണ രീതിയിൽ മുമ്പ് നടന്ന അസോസിയേഷനുകളിൽ പള്ളി പ്രതിപുരുഷന്മാർ അടക്കം വിപുലമായ യോഗം ചേർന്നാണ് ഭാരവാഹികളെ തെരഞ്ഞെടുത്ത് ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളത്. പതിവിന് വിപരീതമായി ഭദ്രാസന സെക്രട്ടറിയെ ജനറൽ കൺവീനറാക്കുന്നതിന് പകരം അസോസിയേഷൻ സെക്രട്ടറിയെ ജനറൽ കൺവീനറായി യോഗം തെരഞ്ഞെടുത്തു. പ്രാരംഭ ആലോചനായോഗം നടന്ന ദിവസം തന്നെ ഭക്ഷണം തയ്യാറാക്കുന്നതിനുള്ള ആളെ ഏർപ്പാടാക്കിയിരുന്നു. അതിനുശേഷമാണ് ഫുഡ് കമ്മിറ്റി കൺവീനർമാർക്ക് കല്പനപോലും കൊടുത്തത്. അസോസിയേഷൻ സെക്രട്ടറി തന്റെ ഏതാനും പാർശ്വവർത്തികളെ ചേർത്ത് ചില യോഗം വിളിച്ചുവെങ്കിലും കമ്മിറ്റിയുമായി ഒരാലോചനയുമില്ലാതെ ഭക്ഷണവും മറ്റ് ക്രമീകരണങ്ങളും സ്വയം ചെയ്തിരുന്നു. യോഗങ്ങളിൽപോലും എങ്ങനെയാണ് ക്രമീകരണങ്ങൾ ചെയ്യുന്നത് എന്ന് വിശദീകരിക്കാതെ ഒരു ബഡ്ജറ്റോ ടെൻഡർ ക്ഷണിക്കലോ ഇല്ലാതെ സെക്രട്ടറിയുടെ ഒറ്റയാൻ നടത്തിപ്പായിരുന്നു. തുമ്പമൺ ഭദ്രാസനത്തിലെ ഒരു പള്ളിയിലെ പ്രതിനിധിയെപോലും ഔദ്യോഗികമായി ഈ പ്രവർത്തനത്തിൽ പങ്കെടുപ്പിച്ചില്ല. ഫുഡ്, പന്തൽ, പ്രൊസെഷൻ എന്നീ പ്രധാനപ്പെട്ട മൂന്നു കാര്യങ്ങളും ഇങ്ങനെയാണ് നിർവ്വഹിച്ചത്. ഫുഡ് വെജിറ്റേറിയനായിരിക്കുമെന്ന് സെക്രട്ടറി പറഞ്ഞതല്ലാതെ, ഭക്ഷണത്തിന് മെനു എന്താണെന്നോ എത്ര പേർക്കാണ് ഓർഡർ ചെയ്തതെന്നോ എത്ര രൂപയ്ക്കാണ് ഓർഡർ നൽകിയിരിക്കുന്നതെന്നോ ആവർത്തിച്ചു ചോദിച്ചതിനും ഒരു മറുപടിയും അസോസിയേഷൻ യോഗത്തിന് മുമ്പും പിമ്പും കിട്ടിയിട്ടില്ല. അതുപോലെതന്നെ പന്തലിന് എന്ത് ചെലവാക്കിയെന്ന് നാളിതുവരെ ഭദ്രാസന മെത്രാപ്പോലീത്തായും ഭദ്രാസന സെക്രട്ടറിയും ഉൾപ്പെടെ ആർക്കും ഒരറിവും ഇല്ല.

4000 പേർക്ക് ഭക്ഷണം ഓർഡർ ചെയ്തിരുന്നുവെന്ന് അന്വേഷണത്തിൽനിന്നും അറിയുന്നു. മാക്കാംകുന്ന് പള്ളി ഓഡിറ്റോറയത്തിന്റെ പാചകപ്പുരയിലാണ് ഭക്ഷണം പാകം ചെയ്തത്. മാക്കാംകുന്ന് പള്ളി ഓഡിറ്റോറിയം മുത്തൂറ്റ് ഫിനാൻസ് ജീവനക്കാർക്കുവേണ്ടി ഭക്ഷണം നൽകാൻ വാടകയ്ക്കെടുത്തിരുന്നു. അവരോടൊപ്പം പല സ്ഥലങ്ങളിൽനിന്നും എത്തിയതും വിവിധ സ്ഥലങ്ങളിൽ പാർക്ക് ചെയ്തിരുന്ന വാഹനങ്ങളുടെ നൂറുകണക്കിന് ഡ്രൈവർമാരും യാതൊരു നിയന്ത്രണവുമില്ലാതെ ഓഡിറ്റോറിയത്തിൽനിന്നും ഭക്ഷണം കഴിച്ചു. ശേഷിച്ച ആഹാരമാണ് കോളജ് ഓഡിറ്റോറിയത്തിൽ അസോസിയേഷൻ അംഗങ്ങൾക്കായി എത്തിച്ചത്. ഭക്ഷണം കഴിക്കുന്നതിന് ഒരിടത്തും ആർക്കും കൂപ്പണോ നിയന്ത്രണങ്ങളോ ഏർപ്പെടുത്തിയിരുന്നില്ല. സെക്രട്ടറി തന്റെ പാർശ്വവർത്തികളായ വിവിധ ഇടവകകളിൽനിന്നും സംഘടിപ്പിച്ച അഞ്ഞൂറിൽപരം ആളുകൾക്ക് വിശിഷ്ടാതിഥികളുടെ പാസ്സ് നൽകിയിരുന്നു. പുറമേ വോളണ്ടിയർ പാസ്സും നൽകിയിരുന്നു. എല്ലാം സെക്രട്ടറി നേരിട്ട് ആജ്ഞാനുവർത്തികൾക്ക് മാത്രം നൽകി. ഭദ്രാസന സെക്രട്ടറിക്ക് ഏതെങ്കിലും ഒരു പ്രത്യേക ബാഡ്ജോ പാസ്സോ നൽകിയില്ലെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അഞ്ഞൂറോളം അനധികൃത പാസ്സുകാരും കോളജ് ഓഡിറ്റോറിയത്തിൽനിന്നും ഭക്ഷണം കഴിച്ചതിനാൽ, ആയരത്തിലധികം അസോസിയേഷൻ അംഗങ്ങൾക്ക് ഭക്ഷണം കിട്ടിയില്ല.

ഭക്ഷണം കോൺട്രാക്റ്റ് ലഭിച്ചയാളല്ലാതെ യാതൊരു ചുമതലക്കാരനും നിയന്ത്രിക്കാൻ ഇല്ലായിരുന്നു. കാരണം എല്ലാം സെക്രട്ടറി എന്ന ഒറ്റയാൾ പട്ടാളം ഒന്നും ആർക്കും വിട്ടുകൊടുത്തിരുന്നില്ല. അസോസിയേഷൻ ചേർന്ന പന്തൽ നിർമ്മാണവും പ്രൊസെഷനും ഇങ്ങനെതന്നെ. സെക്രട്ടറി സഭാപതാകയുമായി പ്രൊസഷന്റെ മുന്നിൽ മറ്റു സ്ഥാനികളോടൊപ്പം നടക്കുന്നതിനു പകരം പന്തലിലൂടെ തെക്കുവടക്ക് കൊടിയുമായി ഓടുന്നതു മാത്രം കണ്ടു. യാതൊരു സമിതിയുടെയും ആലോചന ഇല്ലാതെയാണ് പ്രൊസഷന് ജീപ്പ് കൊണ്ടുവന്നതും അത് സമ്മേളനപന്തലിൽ കയറ്റിയതും. ആദ്യമുണ്ടായ ബഹളത്തിനു കാരണമായതും അതു തന്നെ. അസോസിയേഷനോടനുബന്ധിച്ചു വന്ന ദീപശിഖ കെട്ടുപോയതും പിതാക്കന്മാരുടെ കബറിടത്തിൽ കത്തിക്കാൻ കയറിയപ്പോൾ കറന്റ് പോയി അന്ധകാരമായതും ദുസൂചനകളായി കണക്കാക്കാം. ബേസിൽ ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന സഭയിലെ പ്രഗത്ഭരായ പിതാക്കന്മാരുടെ പേര് പരാമർശിക്കാതിരുന്നത് ബാവായുടെ പ്രസംഗത്തിലെ അപാകതയാണ്.

അസോസിയേഷൻ യോഗത്തിനുശേഷം കാതോലിക്കാദിന കവർവിതരണത്തിനായി ബേസിൽ അരമനയിൽ വന്നപ്പോൾ, വൈദികരും അത്മായരും അസോസിയേഷൻ നടത്തിപ്പിൽ തുമ്പമൺ ഭദ്രാസനത്തിനുണ്ടായ നാണക്കേടിനെ സംബന്ധിച്ചും അസോസിയേഷൻ നടത്തിപ്പിനുണ്ടായ ചെലവിനെക്കുറിച്ചും സെക്രട്ടറിയെ ചോദ്യംചെയ്യുകയുണ്ടായി. സെക്രട്ടറി പറഞ്ഞ മറുപടി ആകെ എട്ടുലക്ഷം രൂപാ മാത്രമെ ചെലവായിട്ടുള്ളു എന്നു മാത്രമാണ്. ഇതു ശരിയാണെങ്കിൽ വിവിധ സ്പോൺസർമാരിൽനിന്നും പണം പറ്റിയിട്ടുണ്ടെന്നു കരുതണം. സ്പോൺസർമാരുടെ പേരും തുകയും കണക്കിൽപെടുത്തണം.

ഫുഡ് കമ്മിറ്റിയുടെ ഒരു കൺവീനറായി കല്പന കിട്ടിയ ആളെന്ന നിലയിൽ ആ കമ്മിറ്റി വിളിച്ചുകൂട്ടി വിവരങ്ങൾ വിശദമാക്കണമെന്ന് ഞാൻ 15-03-12ൽ ഇടവക മെത്രാപ്പോലീത്തായോട് രേഖാമൂലം അഭ്യർത്ഥിച്ചിരുന്നു. എന്നാൽ നാളിതുവരെ ഒന്നും നടന്നില്ല. യോഗം വിളിച്ചുകൂട്ടണമെന്ന് സെക്രട്ടറിയോട് പറഞ്ഞിട്ടുണ്ടെന്ന് ഭദ്രാസന മെത്രാപ്പോലീത്താ എന്നോട് വാക്കാൽ പറയുകയുണ്ടായി. ഈ സാഹചര്യത്തിൽ അസോസിയേഷൻ നടത്തിപ്പും അതിന്റെ പണമിടപാടും സംബന്ധിച്ചും വിശദമായ അന്വേഷണം നടത്തുവാൻ ഒരു സീനിയർ മെത്രാപ്പോലീത്തായുടെ ചുമതലയിൽ ഒരു സമിതിയെ നിയോഗിക്കണമെന്നും പത്തനംതിട്ടയിലെ ജനറൽ കമ്മറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ട് മാത്രമെ കണക്കുകൾ മാനേജിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുവാൻ അനുവദിക്കൂ എന്നും അഭ്യർത്ഥിക്കുന്നു.

ഭാവിയിൽ ഏത് ഭദ്രാസനത്തിൽ അസോസിയേഷൻ യോഗം നടത്തിയാലും മുൻപതിവുപോലെ അതാത് ഭദ്രാസന മെത്രാപ്പോലീത്തായുടെയും ഭദ്രാസന സെക്രട്ടറിയുടെയും പള്ളി പ്രതിനിധികളുടെയും സഹകരണത്തോടുകൂടി മാത്രമേ നടത്താവൂ എന്നും അപേക്ഷിക്കുന്നു.

## കാലംചെയ്ത തിരുമേനിമാരോട് മലങ്കരസഭ അനാദരവു കാട്ടി

മലങ്കരസഭയിൽ ഇത്രയധികം മെത്രാപ്പോലീത്താമാരുണ്ടായിട്ടും കാലംചെയ്ത മെത്രാപ്പോലീത്താമാരോട് മലങ്കര അസോസിയേഷൻ അനാദരവു കാട്ടുകയാണുണ്ടായത്.

മലങ്കരസഭയിലെ ഏറ്റവും സീനിയർ മെത്രാപ്പോലീത്താ ആയിരുന്നു ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി. ഡൽഹി ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്താ ആയിരുന്നു ജോബ് മാർ പീലക്സിനോസ് തിരുമേനി. അസോസിയേഷനിൽ ഇവരുടെ രണ്ടുപേരുടെയും അനുശോചനപ്രമേയം ഒരു മെത്രാപ്പോലീത്താ വായിക്കാതെ വൈദിക ട്രസ്റ്റിയെക്കൊണ്ട് വായിപ്പിച്ചത് തികച്ചും അനാദരവായിപ്പോയി. ഒസ്താത്തിയോസ് തിരുമേനിയുടെ ശിഷ്യന്മാരാണ് ഇപ്പോഴുള്ള മിക്ക തിരുമേനിമാരും. കാലംചെയ്ത രണ്ടു തിരുമേനിമാരുടെയും അസിസ്റ്റന്റുമാരായിരുന്ന മെത്രാപ്പോലീത്താമാരും സ്റ്റേജിലുണ്ടായിരുന്നു. അവരെ ആരേക്കൊണ്ടെങ്കിലും അനുശോചന പ്രമേയം വായിപ്പിക്കാതെ കോനാട്ടച്ചനെക്കൊണ്ട് വായിപ്പിച്ചത് വളരെ വിലകുറഞ്ഞ തെരഞ്ഞെടുപ്പ് പ്രചരണമായിപ്പോയി എന്നു പറയാതെ വയ്യ. കാലംചെയ്ത മെത്രാപ്പോലീത്താമാരുടെ ചിലവിൽ ഒരു പ്രചരണം. മലങ്കരസഭയുടെ ദുർഗതി എന്നല്ലാതെ എന്തു പറയാൻ

**ജോയിക്കുട്ടി (മലങ്കര അസോസിയേഷൻ പ്രതിനിധി)**

## "അസോസിയേഷനിൽ അഴിമതി നടന്നു എന്നതിന് ഏറ്റവും വലിയ തെളിവ് ഞാൻതന്നെ"

ഞാൻ മലങ്കര ഓർത്തഡോക്സ് സഭാംഗമാണ്. കൊല്ലം ഭദ്രാസനത്തിലെ ഒരു പ്രമുഖ പള്ളി ഇടവകാംഗമാണ്. മലങ്കര അസോസിയേഷൻ പ്രതിനിധിയല്ല. ഒരു സ്ഥാനാർത്ഥിക്കുവേണ്ടി പ്രവർത്തിച്ചു. അസോസിയേഷൻ അംഗമല്ലായിരുന്ന ഞാൻ അസോസിയേഷനിൽ സംബന്ധിച്ചു. സമ്മേളനഹോളിലും ഭക്ഷണശാലയിലും വോട്ടെണ്ണിയ ഓഡിറ്റോറിയത്തിലും ഞാനുണ്ടായിരുന്നു. ഒരു നിയന്ത്രണവുമില്ലാതെ ധാരാളം ആളുകൾ അസോസിയേഷൻ ഹാളിൽ കയറി. അസോസിയേഷൻ അംഗങ്ങളല്ലാത്തവർ ഹോളിൽനിന്ന് ഇറങ്ങിപ്പോകണമെന്ന അനൗൺസ്മെന്റ് പലതവണ ഉണ്ടായിട്ടും ആരും ഇറങ്ങിപ്പോയില്ല. അസോസിയേഷൻ പ്രതിനിധികളിൽ പലർക്കും സീറ്റുകിട്ടിയില്ല. പ്രതിനിധികളല്ലാത്ത പലരും സീറ്റുകൾ കയ്യടക്കി, കൂടെയീ ഞാനും. ഞാൻ പക്ഷെ വോട്ടുചെയ്തില്ല. വേണമെങ്കിൽ ചെയ്യാമായിരുന്നു. അത്രമാത്രം പഴുതുകളുള്ളതായിരുന്നു വോട്ടിംഗ് സമ്പ്രദായം. പ്രതിനിധികൾക്ക് തിരിച്ചറിയൽ കാർഡോ, ഫോട്ടോ പതിച്ച ഐഡന്റിറ്റിയോ ഉണ്ടായിരുന്നില്ല. കള്ളവോട്ടു നടന്നില്ല എന്നു ഉറപ്പിച്ചു പറയാൻ കഴിയില്ല.

വോട്ടുകഴിഞ്ഞ്, വോട്ടിട്ട പെട്ടി, ബാലറ്റുബോക്സ്, പൂട്ടില്ലാതെയാണ് അരകിലോമീറ്റർ ദൂരമുള്ള ഓഡിറ്റോറിയത്തിലേക്ക് കൊണ്ടുപോയത്. ഓരോ പയ്യന്മാർ അത് കയ്യിലെടുത്ത് അമ്മാനമാടി നടകയറി ആളില്ലാത്തിടത്തൂടെ കടന്ന് ഓഡിറ്റോറിയത്തിലെത്തിച്ചു. ബാലറ്റുപേപ്പറില്ലാത്ത രണ്ടുപെട്ടികളും ഓഡിറ്റോറിയത്തിലുണ്ടായിരുന്നു.

സാധാരണ തെരഞ്ഞെടുപ്പുകളിൽ ചെയ്യുന്നത് ഇങ്ങനെയൊന്നുമല്ല. വോട്ടു കഴിയുമ്പോൾ ബാലറ്റുബോക്സിൽ സ്ഥാനാർത്ഥികളുടെ ഏജന്റുമാർ ഒപ്പുവെച്ച രേഖ ഇടും. അതുകഴിഞ്ഞ് പെട്ടി സീൽ ചെയ്യും. താഴിട്ടുപൂട്ടും. ഇവിടെ അതൊന്നുമുണ്ടായില്ല. കള്ളവോട്ടു നടന്നിട്ടില്ലെന്നോ ബാലറ്റുബോക്സിൽ കൃത്രിമം നടന്നിട്ടില്ലെന്നോ ഒന്നും പറയാൻ കഴിയില്ല.

വോട്ടെണ്ണുന്ന മുഴുവൻ സമയവും ഞാനവിടെ ഉണ്ടായിരുന്നു. താനിവിടെ നിൽക്കുന്നതോ ഇരിക്കുന്നതോ എന്തിനെന്ന് എന്നോടാരും ചോദിച്ചില്ല. ചെക്കു ചെയ്തില്ല. എന്റെ പേരു വെളിപ്പെടുത്താൻ ഇപ്പോൾ ആഗ്രഹിക്കുന്നുമില്ല.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ലില്ലി ബോംബെ**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ലില്ലി ബോംബെ**

# 2012–2017 മലങ്കര അസോസിയേഷൻ പ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ

### കൊട്ടാരക്കര - പുനലൂർ ഭദ്രാസനം, ഉമ്മന്നൂർ മാർ ശെമവൂൻ ദെസ്തുനി


ബിനുമോൻ കെ.


ജേക്കബ് സി.ജോൺ


പി.വി.അലക്സാണ്ടർ


### ബോംബെ ഭദ്രാസനം, താന സെന്റ് സ്റ്റീഫൻസ്



വി.ജെ.പൗലോസ്


സാമുവൽ മത്തായി


തോമസ് വി.ജോൺ

### നിരണം ഭദ്രാസനം, പാവുക്കര സെന്റ് തോമസ്


കെ.എസ്.ചാക്കോ


വർഗീസ് ഫിലിപ്പ്


റ്റി.എസ്.സാബു

### തുമ്പമൺ ഭദ്രാസനം, വട്ടക്കാവ് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്


ബാബു വർഗീസ്


എം.എസ്.ജോർജ്


സി.വി.സാമുവൽ

## മദ്യകേരളം

കുഞ്ഞുമോൻ വാരിക്കാട്

നമ്മുടെ നാട്ടിൽ ഇന്ന് ഏറ്റവും ലാഭകരവും കൂടുതൽ വളർച്ച പ്രാപിക്കുന്നതുമായ മേഖല മദ്യവ്യാപാരമാണ്. അതുപോലെതന്നെ ഏറ്റവും വേഗത്തിൽ പ്രചരിക്കുന്ന പ്രവണതയും മദ്യപാനശീലമാണ്. ദുഃഖത്തിലും ആഘോഷവേളകളിലും ഒഴിച്ചുകൂടാനാവാത്ത അഥവാ സന്തോഷത്തിനും ദുഃഖത്തിനും പറ്റിയ ഏകപാനീയമായിരിക്കുന്നു മദ്യം. സ്ത്രീകളും കുട്ടികളും കൂടുതലായി ഈ രംഗത്ത് വന്നിട്ടില്ലെങ്കിലും അവരെ എങ്ങനെ കൂടുതലായി മദ്യോപഭോക്താക്കളാക്കാം എന്നുള്ള ചിന്തയാണ് ഇപ്പോൾ സർക്കാരിന്റെയും മദ്യലോബികളുടെയും ഇടയിലുള്ളത്. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് ഒരിക്കൽ വിശേഷിപ്പിച്ച കേരളം ഇന്ന് മദ്യാലയമായിരിക്കുന്നു. ദേവാലയങ്ങളേക്കാളും വിദ്യാലയങ്ങളേക്കാളുമധികമാണ് ഇവിടെ മദ്യാലയങ്ങൾ. മദ്യത്തിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും അമിതമായ ഉപയോഗം മൂലം ഒരുവശത്ത് നേട്ടം ഉണ്ടാകുമ്പോൾ മറുവശത്ത് ദുരന്തമാണ് ഉടലെടുക്കുന്നത്. വ്യാജമദ്യത്തിന്റെയും മറ്റും ഉപയോഗം മൂലം നമ്മുടെ നാട്ടിൽ അനുദിനം ദുരന്തങ്ങൾ കൂടിവരികയാണ്. നാം മദ്യകേരളത്തിന്റെ മദ്ധ്യത്തിലാണ്. വീടിനേയും വ്യക്തികളെയും സമൂഹത്തെയും നാടിനെയും നശിപ്പിക്കുന്ന ഭവന ഭദ്രതയും സമുദായ സൗഹാർദ്ദവും സമാധാന അന്തരീക്ഷവും തകർക്കുന്ന മദ്യസംസ്ക്കാരമെന്ന മാരക വിപത്തിനെതിരെയും പരിഹാരം കണ്ടില്ലായെങ്കിൽ പല ദുരന്തങ്ങൾക്കും സാക്ഷിയാകേണ്ടിവരും.

മദ്യപാനം പലരുടെ കാര്യത്തിലും നേരംപോക്കിനു തുടങ്ങുന്നതാണ്. പിന്നീട് അത് നേരെ പുറംപോക്കിലേക്കുള്ള യാത്രയായി മാറുന്നു. കൂടാതെ സ്റ്റാറ്റസിന്റെയും പ്രശ്നമായി കാണുന്നവരുണ്ട്. സദാനേരവും കുടിയനായ ഭർത്താവിൽനിന്ന് മദ്യപാനിയായ മകനിലേക്കുള്ള യാത്രയാണ് സ്ത്രീയുടെ ജീവിതം. വിശുദ്ധമായി ആചരിക്കേണ്ട വിശേഷദിവസങ്ങളിൽ മദ്യപിച്ചു നടക്കുന്നതിൽ ക്രിസ്ത്യാനികളുടെ പങ്കും ഏറിവരികയാണ്. തനിക്കു സന്തോഷവും സമാധാനവും ലഭിക്കുമെന്നും അതിൽക്കൂടി രക്ഷയും ശക്തിയും ഉണ്ടാകുമെന്നുമാണ് മദ്യപന്മാരുടെ ചിന്ത. താൻ ചതിയിൽ അകപ്പെട്ടു എന്ന് തിരിച്ചറിയുമ്പോഴേയ്ക്കും അവൻ മദ്യത്തിന്റെ അടിമയായി കഴിഞ്ഞിരിക്കും. ഇങ്ങനെയുള്ളവർ വീടിന് ശല്യവും നാടിന് ഭാരവും സഹോദരങ്ങൾക്ക് അപമാനവും ആയിത്തീരുന്നു. ഇതിനുവേണ്ടുന്ന ബോധവൽക്കരണവും മറ്റുമാണ് ആദ്യം ഉടലെടുക്കേണ്ടത്.

കണക്കുകളുടെ അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ കേരളമാണ് മദ്യഉപഭോഗത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം. കഴിഞ്ഞ ഉത്രാടം നാളിൽ മാത്രം 38 കോടിരൂപയുടെ മദ്യമാണ് വിറ്റത്. അതിനു മുമ്പുള്ള ഉത്രാടത്തിനു വിറ്റത് 30കോടി രൂപയുടെ മദ്യം. എന്നാൽ മിൽമ വിറ്റത് വെറും ഒരുകോടി രൂപയുടെ പാൽ. ഓണത്തിന് വസ്ത്രവ്യാപാര രംഗത്തും മറ്റെല്ലാ മേഖലകളിലും വില്പന സജീവമായിരുന്നു. എന്നാൽ ഉല്പന്നത്തിന്റെ വില്പന വിലയോളം തന്നെ വില്പനനികുതി ലഭിക്കുന്ന ഒരേ ഒരു വസ്തുവാണ് മദ്യം. അനാശാസ്യമായ ഒരു പ്രവണതയ്ക്കാണ് ഇത് വഴിവെയ്ക്കുന്നത്.

ഓണം നാളുകളിൽ ഉത്രാടതലേന്നുവരെയുള്ള എട്ടുദിവസം മദ്യം വാങ്ങാനായി ചെലവാക്കിയത് 235കോടി രൂപ. ഇതിനു മുമ്പുള്ള വർഷത്തേക്കാൾ 24.93 ശതമാനം വർദ്ധനയാണിത്. അന്ന് 185 കോടി രൂപയ്ക്ക് മദ്യം വിറ്റതെങ്കിൽ ഈ

(ശേഷം പേജ് 7-ൽ)

## ക്രിസ്തീയസഭകളും സമൂഹവും സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കണം

പി.എം.മാത്യു കറ്റാനം

കേരളത്തിലെ ക്രൈസ്തവ സമൂഹവും സഭകളും കാലത്തിന്റെ കുതിച്ചുചാട്ടത്തിൽ ദൈവീകചിന്തകളിൽനിന്നും വിശ്വാസങ്ങളിൽനിന്നും വളരെ അകന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ദൈവസാന്നിധ്യത്തിൽനിന്നുമുള്ള ഈ അകൽചയാണ് കയ്പേറിയ അനുഭവങ്ങൾക്കും അനിഷ്ട സംഭവങ്ങൾക്കും സമൂഹവും സഭകളും സാക്ഷ്യം വഹിക്കേണ്ടിവരുന്നത്.

മനുഷ്യവർഗ്ഗത്തെ സ്നേഹത്തിന്റെയും സഹനത്തിന്റെയും പ്രകാശം നിറഞ്ഞ വഴിത്താരയിലേക്ക് തിരിച്ചുവിടുന്ന കർത്താവിന്റെ തിരുവചനങ്ങൾ സ്വാർത്ഥ താൽപര്യത്തിനും സ്ഥാനമാനങ്ങൾക്കുവേണ്ടി ക്രൈസ്തവർ അതിനെ കാറ്റിൽ പറപ്പിച്ച് തിന്മയിലേക്ക് വഴുതിവീഴുകയാണ്. ഏത് ഹീനകൃത്യങ്ങളും ചെയ്യാൻ അവർ മടിക്കുന്നില്ല. ക്രിസ്തു പഠിപ്പിച്ച സ്നേഹത്തിന്റെയും സഹനത്തിന്റെയും മഹത്തായ മൂല്യങ്ങൾ ഉൾക്കൊള്ളാതെ വിദ്വേഷത്തിന്റെയും പകയുടെയും പോർവിളികൾ നടത്തി വ്യക്തികളും സമൂഹവും സമുദായങ്ങളും പരസ്പരം കലഹിച്ച് സ്വയം നശിക്കുകയാണ്. വർണ്ണാഭമായ ഉയർച്ചയുടെ ചക്രവാളപ്പരപ്പ് അവരുടെ കാഴ്ചപ്പാടിൽനിന്നും അദൃശ്യമായിപ്പോകുന്ന ക്രിസ്തീയതയില്ലാത്ത ഒരു ക്രിസ്ത്യാനിക്ക് ദൈവവുമായുള്ള സ്നേഹബന്ധങ്ങൾ നഷ്ടപ്പെട്ടിട്ട് ക്രൂരവും പൈശാചികവുമായ ചിന്തകളിലേക്ക് വഴിതെറ്റി തിന്മകളുടെ അഗ്നിനാളത്തിൽ ഈയാംപാറ്റകളെപ്പോലെ സ്വയം എരിഞ്ഞമരുന്നു.

അടുത്ത സമയത്ത് മനുഷ്യമനസാക്ഷികളെ ഞെട്ടിപ്പിച്ച ദാരുണമായ നാലു കൊലപാതകങ്ങൾ നടന്നത് ക്രിസ്തീയ ഭവനങ്ങളിലാണ്. ഒന്ന് ബാംഗ്ലൂരിലും മൂന്നെണ്ണം ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലുമാണ് അരങ്ങേറിയത്. ഭാര്യയുടെ ഭർത്താവിനെ കൊല്ലുന്ന, ഭാര്യമാരുടെ സ്വഭാവത്തിൽ സംശയംതോന്നി ഭർത്താക്കന്മാർ ഭാര്യമാരെ കൊല്ലുന്ന യൗവ്വനത്തിന്റെ പൂവസന്തം ദുരന്തത്തിന്റെയും ദുരിതത്തിന്റെയും ഏകാന്തതയുടെയും തുരുത്തിൽ നഷ്ടപ്പെട്ടുപോകുന്നു.

ദൈവത്തെ കൂട്ടായി അന്വേഷിക്കുകയാണ് വിവാഹത്തിനുശേഷം ഒരു ഭാര്യയുടെയും ഭർത്താവിന്റെയും പ്രധാന ദൗത്യം. ഇവരുടെ ജീവിതപങ്കാളിത്തത്തിൽക്കൂടി ഒരു കുടുംബത്തിന് തുടക്കം കുറക്കുന്നു. കുടുംബം സ്വർഗ്ഗത്തിന്റെ പതിപ്പാണ്. സ്നേഹവും സന്തോഷവും അവിടെ സമ്മേളിക്കുന്നു. വിവാഹകൂദാശയിൽ പട്ടക്കാരൻ വധൂവരന്മാരെ പ്രത്യേകം ഓർമ്മിപ്പിക്കുന്നുണ്ടിത്. അപ്പനെയും അമ്മയെയും വിട്ട് നിങ്ങൾ ഒരു ശരീരമായിത്തീരും. ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപിരിക്കരുത്. ഇന്ന് വിവാഹമോചനങ്ങൾ കൂടുതലായി നടക്കുന്നത് ക്രൈസ്തവ കുടുംബങ്ങളിലാണ്.

സമ്പന്നതയുടെ നടുവിൽ വീട്ടിൽ അച്ചടക്കവും അനുസരണവും ദൈവഭയവുമില്ലാതെ തന്നിഷ്ടം ജീവിച്ചതിന്റെ തിരിച്ചടിയാണ് ഈ സ്വഭാവങ്ങൾക്കെല്ലാം ക്രിസ്തീയ സമൂഹം സാക്ഷികളായി തീർന്നിരിക്കുന്നത്.

പിതാക്കന്മാരുടെ കാലത്ത് കേരളത്തിൽ ഉണ്ണാനും ഉടുക്കാനും ഇല്ലാതിരുന്ന ദുരിതങ്ങളുടെ കാലഘട്ടമായിരുന്നു. പട്ടിണികിടന്ന് മുണ്ട് മുറുക്കിയുടുത്ത് അവർ രാത്രിയുടെ യാമങ്ങളിൽ മുട്ടിന്മേൽ നിന്ന് കണ്ണീരോടെ ദൈവത്തോട് പ്രാർത്ഥിച്ചതിന്റെ ഫലമായിട്ടാണ് ക്രിസ്തീയ കുടുംബങ്ങൾ കേരളത്തിൽ ഉയർന്നത്. ക്രൈസ്തവ കുടുംബ

(ശേഷം പേജ് 7-ൽ)

# ധ്യാനപീഠം

ഫാ.ജോൺ റ്റി.വർഗീസ് കുളക്കട

**മത്തായി 28:1-20**

ക്രിസ്തീയ സഭയിലെ ഏറ്റവും വലിയതും ഏറ്റവും പുരാതനവുമായ പെരുന്നാളാണിത്. ഉയിർപ്പുപെരുന്നാളിനുവേണ്ടി പുരാതനസഭയിൽ ദേവാലയവും നഗരവുമെല്ലാം അലങ്കരിക്കുകയും ഇല്യുമിനേഷൻ നടത്തി പ്രകാശപൂരിതമാക്കുകയും ചെയ്യുന്ന രീതി അനുവർത്തിച്ചുവന്നിരുന്നു. ആദിമസഭയിൽ വിശ്വാസപഠിതാക്കളായിരുന്നവരെ ഉയിർപ്പിന് തൊട്ടുമുമ്പുള്ള ശനിയാഴ്ച രാത്രി മുഴുവൻ രാത്രിജാഗരണത്തിന് ശേഷം ഞായറാഴ്ച രാവിലെ ഉയിർപ്പ് പെരുന്നാളിൽ മാമോദീസാ മുക്കുകയും നൽകുകയും ചെയ്യുന്ന രീതി ഉണ്ടായിരുന്നു. ലോകമെമ്പാടുമുള്ള ക്രിസ്തീയ വിശ്വാസികൾ ആരാധനാസ്ഥലത്ത് ഒരുമിച്ച് കൂടുന്നതിന് അടിസ്ഥാനമായിരിക്കുന്നത് കർത്താവിന്റെ ഉയിർത്തെഴുന്നേല്പ് മൂലമാണ്. അതിൽനിന്നും ഉയിർപ്പിന്റെ പ്രാധാന്യം ഊഹിക്കാവുന്നതേയുള്ളു. യഹൂദന്മാരുടെ ഇടയിൽ പുനരുത്ഥാനം ഇല്ലായെന്ന് പഠിപ്പിക്കുന്ന ഒരു കൂട്ടമായിരുന്നു സാദൂക്യർ. ക്രിസ്തീയ വിശ്വാസത്തിന്റെയും ക്രിസ്തീയസഭയുടെയും അടിസ്ഥാനവും കാതലായതുമായ വിശ്വാസമാണ് കർത്താവിന്റെ ഉയിർത്തെഴുന്നേല്പ്. എല്ലാ വിശ്വാസികളുടെയും പുനരുത്ഥാനവും കർത്താവിന്റെ ഉയിർത്തെഴുന്നേല്പിനെ അടിസ്ഥാനമാക്കിയുള്ളതാണ്.

## ഉയിർപ്പ് വേദാനുസൃതം

വി. വേദപുസ്തകത്തിലുടനീളം ഉയിർപ്പിന് നിദാനമായ പഠിപ്പിക്കലുകൾ കാണുവാൻ കഴിയും. എന്റെ പ്രാണനെ പാതാളത്തിന്റെ അധികാരത്തിൽനിന്ന് വീണ്ടെടുക്കും. അവൻ എന്നെ കൈക്കൊള്ളും (സങ്കീ.49:15). മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു (യോഹ.5:25) അവസാന നാളിൽ അവനെ ഞാൻ ഉയിർപ്പിക്കും എന്ന് യോഹ.6:40ലും ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു എന്നും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്നും യോഹ.6:40-ലും, 11:25-ലും വിവരിക്കുന്നു. കർത്താവായ യേശുവിനെ ഉയിർപ്പിച്ചവൻ ഞങ്ങളേയും യേശുവോടുകൂടെ ഉയിർപ്പിച്ച് നിങ്ങളോടുകൂടെ തിരുസന്നിധിയിൽ നിർത്തും എന്നു ഞങ്ങൾ അറിയുന്നു എന്ന് പൗലോസ് ശ്ലീഹായും സാക്ഷിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിലെ പ്രതീക്ഷ ഉയിർത്തെഴുന്നേൽപിൽ അധിഷ്ഠിതമായിട്ടുള്ളതാണ്. നിദ്രപ്രാപിച്ചവരെക്കുറിച്ച് അറിവില്ലാത്തവരായിരിക്കരുത് എന്നും പൗലോസ് ശ്ലീഹാ വിശ്വാസികളെ പ്രബോധിപ്പിക്കുന്നുണ്ട്. യേശു മരിക്കുകയും ജീവിച്ചെഴുന്നേൽക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നെ ദൈവം നിദ്രകൊണ്ടവരെയും യേശുമുഖാന്തിരം അവനോടുകൂടെ വരുത്തും......... ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും (1തെസ.4:13-17).

## ആത്മീയ മരണത്തിൽനിന്നുള്ള ഉയിർപ്പ്

പുനരുത്ഥാനം എന്നത് ഭാവികാലത്തേക്കുറിച്ചു മാത്രമായിട്ടുള്ളതാണെന്ന ചിന്ത വെച്ചുപുലർത്തുന്നവർ അധികമായി ചിന്തിക്കേണ്ട ഒന്നാണിത്. ആ അവസ്ഥയിൽനിന്ന് ഇപ്പോൾതന്നെ ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു. ഇപ്പോഴാകുന്നു സുപ്രസാദകാലം, ഇപ്പോഴാകുന്നു രക്ഷാദിവസം എന്ന് വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ടല്ലോ. നിർജ്ജീവാവസ്ഥയിലും പാപത്തിൽ മുഴുകിയും ദൈവത്തിൽനിന്നന്യമായും ജീവിച്ച യിസ്രായേലിനെക്കുറിച്ച് യെഹസ്ക്കേൽ പ്രവാചകനിൽക്കൂടി ദൈവം അരുളിച്ചെയ്തത് ശ്രദ്ധേയമാണ്. അവർ ശവക്കുഴിയിലിറങ്ങിയവരെപ്പോലെയും ഉണങ്ങിയ അസ്ഥിക്ക് തുല്യമായും ആയിരിക്കുന്നു എന്ന് ദൈവം അരുളിച്ചെയ്തു. മാത്രമല്ല ആ അവസ്ഥയിൽനിന്നും അവരെ ഉദ്ധരിച്ച് അവരുടെ സ്വദേശത്ത് പാർപ്പിക്കും എന്ന് അടിമത്വത്തിലായിരുന്നവരെക്കുറിച്ച് പ്രവാചകനിൽക്കൂടി ദൈവം ഓർപ്പിച്ചത് ശ്രദ്ധിക്കേണ്ടതാണ് (യെഹ.37:10-14). പുതിയനിയമത്തിലേക്ക് നോക്കുമ്പോൾ വ്യത്യസ്തമല്ലാത്ത അവസ്ഥ അവിടെയും കാണുന്നുണ്ട്. പിതാവിൽനിന്ന് വിദൂരതയിലേക്ക് പോകുന്ന മുടിയനായ പുത്രൻ പാപത്തിൽ മരിച്ച അവസ്ഥയിലായിരുന്നു എന്നും തിരിച്ചുവന്ന് പാപബോധമുള്ളവനായപ്പോൾ വീണ്ടും ജനിച്ചതിന് തുല്യമായി എന്നും സുവിശേഷഭാഗത്തുകൂടി മനസ്സിലാക്കാം (ലൂക്കോ.15:24). വീണ്ടും ജീവനോടിരിക്കുന്നവരെക്കുറിച്ച് തന്നെ പ.പൗലോസ് ശ്ലീഹാ പറയുന്നത് പ്രസ്താവ്യമത്രെ. മർത്ഥ്യശരീരത്തോടിരിക്കുന്നവനെങ്കിലും പാപങ്ങൾക്കടിമയായ അവസ്ഥയിൽ മരിച്ചവരേപ്പോലെയാണെന്നും അതിൽനിന്നും ഉത്ഥാനം ആവശ്യമാണെന്നും ഉള്ള അർത്ഥത്തിലാണ് റോമാലേഖനത്തിൽക്കൂടി അദ്ദേഹം പറയുന്നത് (റോമർ 8:10-11). കുറച്ചുകൂടി വ്യക്തമായ ഭാഷയിൽ പൗലോസ് ശ്ലീഹാ ഓർപ്പിക്കുന്നത് ശ്രദ്ധേയമാണ്. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു (എഫേ.2:1).

## പുനരുത്ഥാനം പ്രത്യാശയ്ക്ക് നിദാനം

മരണത്തെയും പാതാളത്തെയും തന്റെ കാൽക്കീഴിലാക്കിക്കൊണ്ട് കർത്താവ് ഉയിർത്തെഴുന്നേറ്റു എന്നത് മനുഷ്യവർഗ്ഗത്തിന് സന്തോഷവും പ്രത്യാശയും പ്രദാനം ചെയ്യണം. പാതാളത്തെ തന്റെ കാൽക്കീഴിലാക്കിയത് എങ്ങനെ? മരണത്തെ സദാകാലത്തേക്കും നീക്കിക്കളയും എന്ന് യെശയ്യാ പ്രവചനത്തിൽ പറഞ്ഞിട്ടുണ്ട് (യെശ.25:8). അതുപോലെ നീ എന്റെ ആത്മാവിനെ പാതാളത്തിൽ വിടുകയില്ലാ എന്ന് അപ്പോ.പ്രവർത്തികളിൽ പറഞ്ഞിരിക്കുന്നതും ശ്രദ്ധേയമാണ്. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ തന്റെ കയ്യിലുണ്ട് എന്ന് വെളിപ്പാട് പുസ്തകത്തിൽ കാണുന്നു. അപ്പോ. പ്രവർത്തികൾ 15:25-27 ഭാഗത്ത് ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങിപ്പോകും. സകലത്തെയും അവന്റെ കാൽക്കീഴിലാക്കിയിരിക്കുന്നു എന്ന് കാണുന്നു. പുനരുത്ഥാനം ക്രിസ്തീയ വിശ്വാസികൾക്ക് സന്തോഷം ഉളവാക്കുന്ന അവസരമാണ്. കർത്താവിന്റെ കല്ലറ കാണുവാൻ പോയ സ്ത്രീകൾ മഹാസന്തോഷത്തോടുകൂടി കല്ലറവിട്ടുശിഷ്യന്മാരോടറിയിപ്പാൻ പോയി

## ഉയർപ്പുഞായർ

എന്നു കാണുന്നു. കർത്താവിന്റെ ഉത്ഥാനത്തിൽ ശിഷ്യന്മാർ സന്തോഷിക്കുന്നുവെന്ന് യോഹ.16:20ൽ കാണുന്നു. ഉയിർത്തെഴുന്നേറ്റവനായ കർത്താവ് പല അവസരങ്ങളിലും ശിഷ്യന്മാർക്കും മറ്റനേകർക്കും പ്രത്യക്ഷപ്പെടുന്നതായി കാണുന്നതിൽനിന്നും അത് യാഥാർത്ഥ്യമാണെന്നും മറ്റുചില വാദംപോലെ അത് തോന്നലല്ലാ എന്നും മനസ്സിലാക്കുവാൻ സാധിക്കുന്നു.

## പുതുഞായറാഴ്ച (യോഹ.20:19-31)

ഉയിർപ്പിനുശേഷമുള്ള ആദ്യഞായറാഴ്ചയ്ക്ക് പുതുഞായറാഴ്ച എന്നാണല്ലോ പറയുന്നത് കർത്താവ് ഉയിർത്തെഴുന്നേറ്റ ശേഷം ഉള്ള ആദ്യഞായറാഴ്ച ആയതിനാലാണീപേര് ഉപയോഗിച്ചിരിക്കുന്നത്. ഇന്നത്തെ വേദവചനഭാഗം തുടങ്ങുന്നതു തന്നെ ഇതാണ്. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ ആ ദിവസം എന്ന് പറഞ്ഞുകൊണ്ടാണ്. കർത്തൃദിവസം എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. ജീവിതത്തിൽ ആദ്യസ്ഥാനം ദൈവത്തിന് കൊടുക്കണം എന്നുകൂടി ഓർപ്പിക്കുമാറ് ആദ്യദിവസം കർത്തൃദിനമായി വേർതിരിക്കുകയാണ്. യഹൂദശാബദ് അവസാനദിവസമായിരുന്നു. ആറുദിവസം വേല ചെയ്തിട്ട് ഏഴാംദിവസം സ്വസ്ഥമായിരിക്കണം എന്നാണല്ലോ അവരുടെ ന്യായപ്രമാണം അനുശാസിക്കുന്നത്. ക്രിസ്തീയസഭയിൽ ആദ്യദിവസംതന്നെ കർത്തൃദിനമായി വേർതിരിച്ചിരിക്കുന്നു. ദൈവത്തിന് അവസാനസ്ഥാനം കൊടുക്കുന്ന പ്രവണതയിൽനിന്ന് ആദ്യസ്ഥാനം കൊടുക്കേണ്ടതിന്റെ ആവശ്യകത ഇവിടെ ഊന്നിപ്പറയുന്നു.

## ശിഷ്യനിയമനം


ശിഷ്യന്മാരുടെ രണ്ടാം പ്രാവശ്യമുള്ള നിയമനമായിട്ടിതിനെ നമുക്ക് കാണാം. ആദ്യം ശിഷ്യസമൂഹത്തെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച് അവർക്ക് പൂർണ്ണ അധികാരം നൽകുകയും തന്റെ വേലയ്ക്കായി നിയോഗിക്കുകയും ചെയ്തു. അതിനുശേഷം വീണ്ടും തന്റെ പുനരുത്ഥാനത്തിനുശേഷം നിയമനം ഒന്നുകൂടി ഉറപ്പിക്കുന്നതായി ഇതിനെ കണക്കാക്കാം. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്ന് പറഞ്ഞു. അയക്കപ്പെട്ടവരാണ് ശിഷ്യന്മാർ. അപ്പോസ്തോലൻ എന്ന വാക്കിന്റെ അർത്ഥം തന്നെ അതാണ്. ദൈവത്താലയക്കപ്പെട്ടവരായതിനാലാണ് ഈ പദം ഉപയോഗിക്കുന്നത്. പിതാവ് അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്ന് പറയുന്നത് അധികാരം ഊന്നിപ്പറയുകയാണ്. എന്തിനുവേണ്ടിയാണ് തങ്ങൾ അയക്കപ്പെട്ടത്. താൻ തുടങ്ങിവെച്ച ദൗത്യം ലോകമെങ്ങും വ്യാപിപ്പിക്കുവാൻ വേണ്ടിയാണയക്കപ്പെട്ടത്. ദൈവീകവാറണ്ടിയോടും ദൈവീകശക്തിയോടുംകൂടിയാണ് തങ്ങളെ അയച്ചത്. കർത്താവ് എവിടെ തന്റെ വേല നിർത്തിയോ അവിടെ തുടങ്ങുന്നതിന് കടപ്പെട്ടവരാണ് അപ്പോസ്തോലന്മാർ. കർത്താവ് യഥാർത്ഥ സത്യവും നിറപ്പിക്കുന്നവനുമായിരുന്നുവെങ്കിൽ, ശിഷ്യന്മാരെ സത്യത്തിന് സാക്ഷ്യംവഹിക്കുന്നവരും പഠിപ്പിച്ചതിനെക്കുറിച്ച് പ്രസംഗിക്കുന്നവരും അതിനെ പ്രസിദ്ധീകരിക്കുന്നവരുമായിട്ടാണ് അയച്ചത്. കർത്താവ് ഒരുഭാഗത്ത് തുടങ്ങിവെച്ച ദൗത്യം ലോകത്തിന്റെ അറുതിവരെയും ഘോഷിക്കുവാനുള്ള ദൗത്യമാണ് അപ്പോസ്തോലന്മാരെ ഏൽപിച്ചത്.

## കർത്താവിന്റെ പ്രത്യക്ഷത

ഉത്ഥിതനായ കർത്താവ് പല പ്രാവശ്യം അനേകർക്ക് പ്രത്യക്ഷപ്പെടുന്നതായി വി. വേദം സാക്ഷീകരിക്കുന്നുണ്ട്. ഒന്നാമതായി മഗ്ദലനാക്കാരി മറിയക്ക് താൻ പ്രത്യക്ഷനാകുന്നു. പിന്നീടുള്ള പ്രത്യക്ഷതകൾ സുവിശേഷത്തിലുടനീളം രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ സുവിശേഷത്തിലും ഓരോ രീതിയിലാണ് കൊടുത്തിരിക്കുന്നത്. മറ്റു സ്ത്രീകൾക്ക് പ്രത്യക്ഷപ്പെടുന്നതായി മത്തായി 28:9ൽ കാണുന്നു. രണ്ട് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നത് വി.ലൂക്കോസ്പറയുന്നു. 11 ശ്ലീഹന്മാർക്ക് വെളിപ്പെടുന്നതായിട്ട് വി.ലൂക്കോസ് 24:36-ൽ പറയുന്നു. വി.യോഹന്നാൻ 20:19-ൽ 10 ശിഷ്യന്മാർക്ക് വെളിപ്പെടുന്നതിനെക്കുറിച്ച് പറയുന്നു. ഗലീലാക്കടൽപ്പുറത്ത് ശിഷ്യന്മാർ ചിലർ ഒന്നിച്ച് മീൻ പിടിക്കുന്ന അവസരത്തിൽ പ്രത്യക്ഷപ്പെടുന്നതിനെക്കുറിച്ച് വി. യോഹന്നാൻ 21:1-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുകളിൽ പറഞ്ഞ സന്ദർഭങ്ങളിലെല്ലാംതന്നെ കർത്താവ് അവരെ സംബോധന ചെയ്യുമ്പോൾ നിങ്ങൾക്ക് സമാധാനം, വന്ദനം തുടങ്ങിയ വന്ദനാർപ്പണങ്ങൾ നടത്തുന്നതായി കാണാം. കർത്താവിന്റെ സമാധാനാശംസയിൽ താൻ വ്യക്തമാക്കുന്ന മറ്റൊരു സംഗതി പ്രത്യേകം ശ്രദ്ധേയമാണ്. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. അത് ലോകം തരുന്നതുപോലെയല്ല എന്നുള്ളതാണ്. ഇതിൽനിന്നും ലോകത്തിന്റെ സമാധാനവും ദൈവത്തിന്റെ സമാധാനവും വ്യത്യസ്തമാണെന്ന് ഓർപ്പിക്കുകയാണ് ചെയ്യുന്നത്.

## യേശുക്രിസ്തുവിന്റെ ദൈവത്വം

നമ്മുടെ സഭയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെ സാക്ഷ്യം ഈ ഭാഗത്ത് സ്പഷ്ടമായി കാണുന്നുണ്ട്. അത് തന്റെ ദൈവത്വത്തെ പ്രകീർത്തിക്കുന്നതായി നമുക്ക് മനസ്സിലാക്കാം. തോമസ് അവനോട് എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ എന്നുത്തരം പറഞ്ഞു. കർത്താവിന്റെ ദൈവത്വത്തെ ഏറ്റുപറയുകയും തള്ളിപ്പറയുകയും ചോദ്യം ചെയ്യുകയും ചെയ്യുന്ന വേദഭാഗങ്ങൾ വി.വേദപുസ്തകത്തിൽക്കൂടി നമുക്ക് മനസ്സിലാക്കാം. ദൈവത്വത്തെ ചോദ്യംചെയ്യുകയോ സംശയിക്കുകയോ വിമർശിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളെ ആദ്യം വിശകലനം ചെയ്യാം. ഇക്കൂട്ടത്തിൽ ആദ്യത്തെയാളാണ് സാത്താൻ അല്ലെങ്കിൽ പരീക്ഷകൻ. കർത്താവിന്റെയടുത്ത് ചെന്നിട്ട് തന്നെ പരീക്ഷിച്ചുകൊണ്ട് ദൈവത്വത്തെ സംശയിച്ചു. നീ ദൈവപത്രനാണെങ്കിൽ ഈ കല്ല് അപ്പമായിത്തീരുവാൻ കല്പിക്ക എന്നു പറഞ്ഞു. ശാസ്ത്രിമാരുടെയും വിദൂഷകരുടെയും പ്രതികരണം എങ്ങനെയെന്ന് പരിശോധിക്കാം. ദൈവദൂഷണം പറയുന്ന ഇവൻ ആർ. ദൈവം ഒരുവനല്ലാതെ പാപങ്ങളെ മോചിക്കുവാൻ കഴിയുന്നവൻ ആർ. ഇതിനോട് ചേരുന്നവർ തന്നെയാണ് മഹാപുരോഹിതർ. അവരുടെ പ്രതികരണമാണ് ലൂക്കോസ് 20:1-2 ഭാഗത്തു കാണുന്നത്. നീ എന്തധികാരംകൊണ്ടിതു ചെയ്യുന്നു എന്ന് ചോദ്യം ചെയ്യുന്നു. ഇനിയും സാധാരണക്കാരായ യഹൂദന്മാരുടെ പ്രതികരണം നോക്കാം. അവൻ ശബദിനെ ലംഘിക്കുന്നതുകൊണ്ടുമാത്രമല്ല ദൈവം സ്വന്തപിതാവ് എന്ന് പറഞ്ഞ് ദൈവത്തോട് സമമാക്കിയതുകൊണ്ടും യഹൂദന്മാർ അവനെ കൊല്ലുവാൻ ശ്രമിച്ചുപോന്നു. ഭരണകർത്താക്കളുടെ പരിഹാസം മറ്റൊരു തരത്തിലായിരുന്നു ഇവൻ മറ്റുള്ളവരെ രക്ഷിച്ചുവല്ലോ ദൈവം തെരഞ്ഞെടുത്ത ക്രിസ്തുവെങ്കിൽ തന്നെത്താൻ രക്ഷിക്കട്ടെ. ഇതിനോട് ചേർന്നവിധത്തിലായിരുന്നു പടയാളികളുടെ പരിഹാസവും. വഴിപോക്കരുടെ പരിഹാസം മറ്റൊരുവഴിക്ക് തിരിഞ്ഞു. മന്ദിരംപൊളിച്ച് മൂന്നുനാൾകൊണ്ട് പണിയുന്നവനെ നിന്നെതന്നെ രക്ഷിക്ക. ദൈവപുത്രനെങ്കിൽ ക്രൂശിൽനിന്നിറങ്ങിവാ. തന്നോടുകൂടി ക്രൂശിൽതറയ്ക്കപ്പെട്ട ഇടതുഭാഗത്തെ കള്ളന്റെ പരിഹാസം - നീ ക്രിസ്തുവല്ലെയോ നിന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്ക. ഒരുവശത്ത് ഇപ്രകാരം പരിഹാസവും നിന്ദയും ചോദ്യംചെയ്യലും കുറ്റപ്പെടുത്തലുമായി നിന്നവർ ലജ്ജിതരാകുമാറ് കർത്താവിന്റെ ദൈവത്വത്തെ ഏറ്റുപറയുകയും അവന്റെ സാക്ഷികളായി തീരുകയും ചെയ്യുന്നത് നമുക്ക് മനസ്സിലാക്കാം.



പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സണ്ടേ സ്ക്കൂൾ അസോസിയേഷൻ 2011-ലെ സഹപാഠ്യ മത്സരങ്ങളിൽ സൗത്ത് സോണിൽ സീനിയർ പൊതുവിജ്ഞാനത്തിൽ ഒന്നാം സ്ഥാനവും വേദവാക്യമത്സരത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ സച്ചിൻ ജോർജ് മാത്യു. മാവേലിക്കര ഭദ്രാസനത്തിൽ പുന്നമൂട് സെന്റ് ഗ്രിഗോറിയോസ് ഇടവകാംഗം കാരിക്കോട് വാടയ്ക്കൽ അഡ്വ.ഉമ്മൻ ജോർജിന്റെയും ഷൈലാ ജി.മാത്യൂസിന്റെയും മകൻ

## ക്രിസ്തീയസഭകളും.....പേജ് 5-ൽനിന്ന്

ത്തിലെ ഓരോ ആൺകുട്ടികളും പെൺകുട്ടികളും വിദേശത്തുപോയി പണം സമ്പാദിച്ച് ഡോളറുകൾ അപ്പച്ചന്റെയും അമ്മച്ചിയുടെയും കൈകളിലേക്ക് വന്നുതുടങ്ങി. സമ്പന്നരായി പഴയ വീടുകൾ പുതിയ കെട്ടിടങ്ങളായി. സമ്പന്നതയിൽ ദൈവത്തെ ഇവർ മറക്കാൻ തുടങ്ങി. സ്നേഹബന്ധങ്ങൾക്ക് പരുക്കുപറ്റി. സഹോദരങ്ങൾ ശത്രുക്കളായി മാറി.

ക്രൈസ്തവ സമൂഹത്തിലേയും സഭയിലേയും ഇപ്പോഴത്തെ അക്രമപരമായ ജീവിതശൈലി കണ്ടുകൊണ്ട് അക്രൈസ്തവർ മൂക്കത്ത് വിരൽവെച്ചുപോകുന്നു. ഇന്ന് ക്രൈസ്തവസഭകളുടെ നിലപാടുകളും പ്രവർത്തനശൈലികളുമെല്ലാം രൂക്ഷമായ വിമർശനത്തിന് വിധേയമാകുന്നു. സമൂഹത്തിൽ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ ഉണ്ടായപ്പോഴൊക്കെ ക്രൈസ്തവ സമൂഹവും സഭകളും സ്വീകരിച്ചിട്ടുള്ള നിലപാടുകൾ വളരെ ശ്രദ്ധയും പ്രശംസനീയവുമായിരുന്നു. ആ നിലപാടുകൾ പിന്തുടരാനും നിലനിൽക്കാനും മാതാപിതാക്കൾ അച്ചടക്കവും അനുസരണവുമുള്ള ഒരു തലമുറയെ വളർത്തിയെടുക്കണം. ഇതിന്റെ വേരോടേണ്ടത് കുടുംബത്തിലാണ്. ബാല്യത്തിൽതന്നെ മക്കൾ നടക്കേണ്ട വഴി അവരെ പഠിപ്പിക്കുക. ജീവിതത്തിന്റെ പ്രശ്നങ്ങളും പ്രയാസങ്ങളും അവർ മനസ്സിലാക്കിയിരിക്കണം. മടിയന്മാരാകാതെ അദ്ധ്വാനിക്കുന്നവരായിരിക്കണം. ദൈവം ഇഷ്ടപ്പെടുന്നത് അദ്ധ്വാനിക്കുന്നവരെയാണ്. മക്കളെ ശിക്ഷണത്തിലും വിനയത്തിലും അനുസരണത്തിലും വളർത്തി ആധുനികതയുടെ അറിവിന്റെ വാതായനം അവർക്ക് തുറന്നുകൊടുക്കണം. വടിയല്ല വഴിയാണ് അവർക്ക് ആവശ്യം. അങ്ങനെ സ്നേഹത്തിലും സമാധാനത്തിലും അധിഷ്ഠിതമായ ഇച്ഛാശക്തിയും നിശ്ചയദാർഢ്യവുമുള്ള ഒരു തലമുറയെ കൈപിടിച്ചുകൊണ്ടുവരാൻ ക്രൈസ്തവ സമൂഹവും സഭകളും ബാധ്യസ്ഥരാണ്. സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ ദേശത്തിനും സമൂഹത്തിനും സംഭവിക്കുമ്പോഴും പിതാക്കന്മാർ കൈമാറിതന്ന ശ്രദ്ധയും പ്രശസ്തിയുമായ നിലപാടുകൾ നിലനിർത്താൻ ഇവർ പ്രാപ്തരായിരിക്കും.

## മദ്യകേരളം....പേജ് 5-ൽനിന്ന്

പ്രാവശ്യം 50കോടി രൂപകൂടി ഈ ഇനത്തിൽ അധികം ചെലവഴിച്ചിട്ടുണ്ട്. ഇത് ഓണദിവസം വരെയുള്ള കണക്കാണ്.

നമ്മുടെ ശ്യാമസുന്ദരമായ കേരളം ഇന്ന് മദ്യപന്മാരുടെ സ്വന്തം നാടായിരിക്കുന്നു. മദ്യവർജ്ജനത്തിലൂടെ മനോഹരമായ ഒരു ഭാവി തലമുറയെ രൂപപ്പെടുത്തിയെടുക്കുവാൻ സാധിക്കും. അതിനുവേണ്ടുന്ന പിന്താങ്ങലുകൾ നൽകുവാൻ രാജ്യത്തെ ഓരോ പൗരനും അവകാശവും കടമയുമുണ്ട്. ആദ്യം സ്വന്തം ജീവിതം നല്ല രീതിയിൽ സൃഷ്ടിച്ചെടുത്താൽ മാത്രമേ മറ്റൊരാളുടെ ജീവിതത്തിലും ഇടപെടുവാൻ സാധിക്കുകയുള്ളു. ഇതിനായി നാമോരോരുത്തരും സ്വയമേ തന്നെ ശോധന ചെയ്യേണ്ടത് ആവശ്യമാണ്. നാം മറ്റുള്ളവരെയും നേരായ വഴിയിലേക്ക് നടത്തിയാൽ വീടിനും നാടിനും സമൂഹത്തിനും ഒരേപോലെ നാം ചെയ്യുന്ന നല്ല പ്രവർത്തിയാണ്. മേൽപറഞ്ഞവ സാധ്യമാക്കാൻ മതത്തിനുള്ള പങ്ക് വലുതാണ്. മതനേതാക്കളും മതസംഘടനകളുടെ ഭാരവാഹികളും ഇക്കാര്യത്തിൽ പ്രത്യേക മാതൃക കാണിച്ചാൽ വലിയ ഒരളവ് ഈ വിപത്ത് ഒഴിവാക്കാൻ സാധിക്കും. നമ്മുടെ ജീവിത്തതിൽ ഒരിക്കലും മദ്യത്തെയും മറ്റ് ലഹരിസാധനങ്ങളെയും ഉൾക്കൊള്ളുകയില്ലെന്നുള്ള തീരുമാനം ഓരോ പൗരനും എടുത്തെങ്കിൽ മാത്രമേ ഇതിനു പരിഹാരം കാണുവാൻ സാധിക്കുകയുള്ളു.

## ഒന്നാം സ്ഥാനം നേടി



മേഴ്സി ഉമ്മൻ



ആനി എസ്.വർഗീസ്

മലങ്കരസഭാഭാസുരൻ പ.വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ 78-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് മർത്തമറിയം സമാജം നടത്തിയ അഖില മലങ്കര ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗങ്ങളായ മായര പുത്തൻവീട്ടിൽ ആനി എസ്.വർഗീസും ആലിന്റെ തെക്കേതിൽ മേഴ്സി ഉമ്മനും



പെരിന്തൽമണ്ണ : മലബാർ ഭദ്രാസനത്തിൽപ്പെട്ട പെരിന്തൽമണ്ണ സെന്റ് ജോർജ് ഇടവകാംഗവും മുൻ സഭാമാനേജിംഗ് കമ്മിറ്റി മെമ്പറുമായ സജി ഫിലിപ്പിന് സ്ക്കൗട്ട് ആന്റ് ഗൈഡ്സ് സംസ്ഥാന അസോസിയേഷൻ നൽകുന്ന ലോംഗ് സർവ്വീസ് ഡക്കറേഷൻ അവാർഡ് ലഭിച്ചു. സണ്ടേസ്ക്കൂൾ ഡിസ്ട്രിക്റ്റഅ അദ്ധ്യാപക സെക്രട്ടറിയും എച്ച്.ആർ.ഈ.എം. ഡിസ്ട്രിക്റ്റ് കോ-ഓർഡിനേറ്ററും സ്ക്കൂൾ അദ്ധ്യാപകനുമാണ്.



സണ്ടേ സ്ക്കൂൾ സെൻട്രൽ സോണൽ മത്സരത്തിൽ സബ്ജൂണിയർ പ്രസംഗമത്സരത്തിന് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ശാരോം റ്റോം തോമസ്. കുട്ടംപേരൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിവികാരി ഫാ.കെ.ഒ.തോമസ് ഒലേപുറത്തിന്റെയും പുത്തൻകാവ് മെട്രോപോലീറ്റൻ ഹയർ സെക്കണ്ടറി സ്ക്കൂൾ അദ്ധ്യാപിക മറിയാമ്മ പി.തോമസിന്റെയും മകനാണ്. പിരളശേരി സെന്റ് ജോർജ് കാതോലിക്കേറ്റ് സിംഹാസനപള്ളി ഇടവകാംഗമാണ്.

*മനഃശാസ്ത്ര പംക്തി*

## കൗമാരക്കാരും അച്ഛനമ്മമാരും അറിയാൻ

ഫാ.എ.വി.തോമസ് ചകിരിയിൽ പിറവം, ഫോൺ : 0485-2265237, 9447183445

### ഏറുന്ന കൗമാര ആത്മഹത്യകൾ

കൗമാരക്കാരായ കമിതാക്കൾ ആത്മഹത്യ ചെയ്യുന്ന അനവധി സംഭവങ്ങളാണ് അടുത്തകാലത്തായി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. പ്രണയത്തെ മറ്റുള്ളവർ എതിർക്കുന്നതാണ് തങ്ങളുടെ ആത്മഹത്യയ്ക്ക് കാരണമെന്ന് ഇവരുടെ ആത്മഹത്യാകുറിപ്പുകൾ വെളിപ്പെടുത്തുന്നു. ലോകത്ത് കൗമാര ആത്മഹത്യകൾ കൂടുതലും നടക്കുന്നത് ഇന്ത്യയിലാണെന്ന് നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോ (എൻ.സി.ആർ.സി)യുടെ കണക്കുകൾ. പ്രതിവർഷം ഏഴായിരത്തോളം കൗമാരക്കാർ ഇന്ത്യയിൽ ആത്മഹത്യ ചെയ്യുന്നു. അതിലേറെയും കേരളത്തിലാണ്.

പഠനപരമായ സമ്മർദ്ദങ്ങളും നിരാശയും വിഷാദവുമാണ് കൗമാര ആത്മഹത്യകളിൽ മുന്നിട്ടുനിൽക്കുന്നത്. അതേസമയം ചെറുതല്ലാത്ത ശതമാനം പ്രണയബന്ധങ്ങളുടെ തകർച്ചയുമായി ബന്ധപ്പെട്ട കാരണങ്ങളുമാണ്. ആധുനിക യുവത്വത്തിന് പ്രണയം വെറും ടൈംപാസ്സാണെന്നു ഒരുവശത്ത് വാദങ്ങളുയരുമ്പോഴും മറുവശത്ത് പ്രണയത്തിലെ പ്രതീക്ഷയില്ലായ്മയുടെ പേരിൽ ജീവിതം അവസാനിപ്പിക്കുന്ന കുട്ടികളെക്കുറിച്ച് ഏറിവരുന്ന റിപ്പോർട്ടുകൾ ഞെട്ടിക്കുന്നതാണ്.

തിരുവനന്തപുരം മെഡിക്കൽ കോളജിനോടനുബന്ധിച്ചുള്ള ആത്മഹത്യ പ്രതിരോധ ക്ലിനിക്കൽ റിപ്പോർട്ടു ചെയ്യപ്പെടുന്നത് കേരളത്തിൽ ചെറുപ്പക്കാരുടെ ആത്മഹത്യാക്രമങ്ങൾക്കു പിന്നിലെ കാരണങ്ങളിൽ 15-20 ശതമാനം പ്രണയപരമായ തകർച്ചകളാണെന്ന് കാണിക്കുന്നു. കൗമാരത്തിലെ അപക്വമായ തീരുമാനങ്ങളെടുക്കലും മനക്കട്ടിയില്ലായ്മയും ഇതിന് കാരണമാണ്. (തുടരും)

## അഖില മലങ്കര വിജയി



മർത്തമറിയം വനിതാസമാജം അഖില മലങ്കര അടിസ്ഥാനത്തിൽ കാതോലിക്കേറ്റും വട്ടശ്ശേരിൽ തിരുമേനിയും എന്ന വിഷയത്തിൽ 21-02-2012-ൽ പഴയസെമിനാരിയിൽവെച്ച് നടത്തിയ പ്രസംഗമത്സരത്തിൽ അന്നക്കുട്ടി ഏബ്രഹാം (സൂപ്പർ സീനിയർ വിഭാഗം) രണ്ടാം സ്ഥാനം കരസ്ഥമാക്കി. കോട്ടയം ഭദ്രാസനതല മത്സരങ്ങളിൽ സിംഗിൾ സോംഗിന് ഒന്നാം സ്ഥാനവും പ്രസംഗത്തിനും ഗ്രൂപ്പ് സോംഗിനും (അന്നക്കുട്ടി, റേച്ചൽ റെബേക്കാ ടീം) രണ്ടാം സ്ഥാനവും, കേന്ദ്രപരീക്ഷയിൽ കോട്ടയം ഭദ്രാസനത്തിൽ ഒന്നും സ്ഥാനവും നേടിയ അന്നക്കുട്ടി കല്ലുങ്കത്ര മണലേൽ സെന്റ് ജോർജ് പള്ളി ഇടവകാംഗമായ അയ്മനം നടുവിലേക്കരയിൽ എൻ. പി.ഏബ്രഹാമിന്റെ പത്നിയാണ്.

## കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള-673 591, ഫോൺ : 04936-247274, 9446733201

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളു. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993-ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ച വൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.

നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമായിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കു വരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുത. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRG0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

**Vol. 18 Issue 11**
**April 1-15**

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/163/2012-2014

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

## ചിരിവര —————— ജോയി കുളനട



# യുവജനപ്രസ്ഥാനം ഗ്രൂപ്പ് സമ്മേളനം

കൊല്ലം : കൊല്ലം ഭദ്രാസന ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ തേവലക്കര ഗ്രൂപ്പ് സമ്മേളനം മാർച്ച് 4ന് ഞായറാഴ്ച പോരുവഴി മാർ ബസ്സേലിയോസ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽവെച്ച് കൊല്ലം ഭദ്രാസനാധിപൻ സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഫാ. സജീവ് കെ.വർഗീസ് അദ്ധ്യക്ഷത വഹിച്ചു. മാർത്തോമ്മാ പൈതൃകപഠനവും തിരിച്ചറിവിന്റെ പാഠങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ഫാ.ജോൺ റ്റി.വർഗീസ് ക്ലാസ്സെടുത്തു. സഭാമാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരെ സമ്മേളനത്തിൽ അനുമോദിച്ചു. ഫാ.ഏബ്രഹാം എം.വർഗീസ്, ഫാ.ജോസ് എം.ഡാനിയേൽ, ഫാ.ഫിലിപ്പ് തരകൻ, ഫാ.വി.തോമസ്, ഫാ. ഇ.വൈ.ജോൺസൺ, ഫാ.കെ.തോമസുകുട്ടി, ഫാ.ബാബു ജോർജ്, ജോൺസൺ കല്ലട, വിജി തോമസ് വൈദ്യൻ, ഷിനോയി പി. കുഞ്ഞുമോൻ, മാത്യു ജോൺ കല്ലുംമൂട്ടിൽ, ജോസ് ജോൺ, ഷിജു എസ്.പി. നല്ലില, സജയ് തങ്കച്ചൻ, ജെ.ജോൺസൺ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

# മെൽത്തോ – 2012 കൺവൻഷൻ സമാപിച്ചു

ബാംഗ്ലൂർ : ഓർത്തഡോക്സ് ഇടവകയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മെൽത്തോ – 2012 കൺവൻഷൻ സമാപിച്ചു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ.ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ സമാപന സന്ദേശം നൽകി. സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ അലക്സിയോസ് മാർ യൗസേബിയോസ് മുഖ്യപ്രഭാഷണം നടത്തി. വിവിധ ദിവസങ്ങളിലെ കൺവൻഷൻ യോഗങ്ങളിൽ ഫാ.എബി ഫിലിപ്പ് കാർത്തികപ്പള്ളി വചനശുശ്രൂഷ നടത്തി. കോർഎപ്പിസ്കോപ്പാമാരായ പി.സി.ഫിലിപ്പ്, റ്റി.കെ.തോമസ്, ഏബ്രഹാം മാരേട്ട്, ജോൺ തോമസ്, ജോസ് തെക്കേക്കര, മെൽത്തോ ജനറൽ കൺവീനർ ഫാ.മാണി കെ.വർഗീസ്, ഫാ.സജി ഡാനിയേൽ, ഫാ.ഐപ്പ് പി.അലക്സ്, ഫാ.കെ.എം.ജേക്കബ്, ഫാ.ഏബ്രഹാം തോമസ്, ഫാ.ജെയിംസ് കുറ്റിക്കണ്ടം, ഫാ.ജോഷ്വാ, ഫാ.മാത്യൂസ് എം.ഡാനിയേൽ, ഫാ.ബഞ്ചമിൻ, ഫാ.വർഗീസ് ഇടിച്ചാണ്ടി എന്നിവർ നേതൃത്വം നൽകി. ബാംഗ്ലൂർ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽനിന്നുള്ള ഗായകസംഘങ്ങൾ ഗാനശുശ്രൂഷ നടത്തി.

# വിയന്നായിൽ വിശുദ്ധവാര ശുശ്രൂഷകൾ

വിയന്ന : സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധവാര തിരുകർമ്മങ്ങൾക്ക് ഫാ.ഡോ.എം.ഒ.ജോൺ നേതൃത്വം നൽകും. അം താബോർ ദേവാലയത്തിലാണ് ശുശ്രൂഷകൾ നടക്കുന്നത്. ഏപ്രിൽ 1 ഞായറാഴ്ച രാവിലെ 9ന് ഓശാനപെരുന്നാൾ, ഏപ്രിൽ 2,3 ദിവസങ്ങളിൽ വൈകിട്ട് 7ന് സന്ധ്യാനമസ്ക്കാരം, ഏപ്രിൽ 4ന് ബുധനാഴ്ച വൈകിട്ട് 7ന് പെസഹാ ശുശ്രൂഷ, ഏപ്രിൽ 5ന് വൈകിട്ട് 6ന് സന്ധ്യാനമസ്ക്കാരം, 6ന് രാവിലെ 8ന് ദുഃഖവെള്ളിയാഴ്ച ആചരണം, 7ന് രാവിലെ 10.30ന് വി.കുർബ്ബാന, 8ന് ഞായറാഴ്ച രാവിലെ 9ന് ഉയിർപ്പ് ശുശ്രൂഷ, സ്നേഹവിരുന്ന് എന്നിവയാണ് പരിപാടികൾ.

# മാർ ഒസ്താത്തിയോസ് ക്രിസ്തീയവളർച്ചയുടെ പൂർണ്ണത : പ.കാതോലിക്കാ ബാവാ

മാവേലിക്കര : ക്രിസ്തീയസഭയുടെ പൂർണ്ണത നിറഞ്ഞ പിതാവായിരുന്നു മാർ ഒസ്താത്തിയോസ് എന്ന് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു.

കാലംചെയ്ത ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസിന്റെ 40–ാം ചരമദിനാചരണത്തോടനുബന്ധിച്ച് പുളിമൂട് സെന്റ് പോൾസ് സുവിശേഷാലയത്തിൽ നടന്ന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു പ.കാതോലിക്കാ ബാവാ. ദൈവവചനത്തെ വിലപ്പെട്ട മുത്തുകളാക്കി സ്വയം സാംശീകരിച്ച് മറ്റുള്ളവർക്ക് നൽകിയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. സി.എസ്.ഐ. മദ്ധ്യകേരളാ മഹായിടവക ബിഷപ്പ് തോമസ് കെ.ഉമ്മൻ പ്രഭാഷണം നടത്തി. ഡോ. യാക്കോബ് മാർ ഐറേനിയോസ്, യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ, സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ, മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, കൊടിക്കുന്നിൽ സുരേഷ് എം.പി., രാജേഷ് എം.എൽ.എ. എന്നിവർ പ്രസംഗിച്ചു. രാവിലെ നടന്ന വി.കുർബ്ബാനയ്ക്ക് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു. സ്നേഹസന്ദേശം സംഗീതശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

# കൂദാശ നടത്തി

തൃശൂർ : ചെമ്പുകാവ് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ ഫെബ്രുവരി 3,4 തീയതികളിൽ നടന്നു. ഡോ.യാക്കോബ് മാർ ഐറേനിയോസ്, സഖറിയാസ് മാർ അന്തോണിയോസ്, ഡോ.യൂഹാനോൻ മാർ മിലിത്തിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ നേതൃത്വം നൽകി.പി.സി.ചാക്കോ എം.പി., തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ., മേയർ ഐ.പി.പോൾ, കൗൺസിലർ അന്നാ ജോൺ, വികാരി ഫാ.വർഗീസ് ഏബ്രഹാം, ട്രസ്റ്റി കോശി പീറ്റർ എന്നിവർ പ്രസംഗിച്ചു.

# കാതോലിക്കാദിനം ആഘോഷിച്ചു

കുന്നംകുളം : കുന്നംകുളം ഭദ്രാസനതലത്തിലെ കാതോലിക്കാദിനാചരണം ആർത്താറ്റ് സെന്റ് മേരീസ് പുത്തൻപള്ളിയിൽ പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. ആഘോഷങ്ങളുടെ ഭാഗമായി കുന്നംകുളം ഭദ്രാസനത്തിന്റെ യുവജനപ്രസ്ഥാനം ബൈക്ക് റാലി നടത്തി. കുന്നംകുളം, ആർത്താറ്റ്, പഴഞ്ഞി മേഖലകളിലാണ് ഇരുചക്രവാഹനറാലി നടത്തിയത്. മൂന്നുമണിയോടെ അടുപ്പൂട്ടി സെന്റ് ജോർജ് പള്ളി, പഴഞ്ഞി സെന്റ് മേരീസ് പള്ളി എന്നിവിടങ്ങളിൽനിന്ന് മേഖലാ റാലി ആരംഭിച്ചു. വിവിധ പള്ളികളിലെ സ്വീകരണം ഏറ്റുവാങ്ങി കുന്നംകുളം മേലേപാറ സെന്റ് ജോർജ് ദേവാലയത്തിൽ വൈകിട്ട് അഞ്ചുമണിയോടെ എത്തി. റാലികൾ ആർത്താറ്റ് അരമനയിൽ സംഗമിച്ചു.

# വിദ്യാമൃത അവാർഡ് നേടി



കോട്ടയം : കാതോലിക്കേറ്റ് ആന്റ് എം.ഡി.സ്ക്കൂൾ കോർപറേറ്റ് മാനേജുമെന്റിലെ മികച്ച അദ്ധ്യാപകനുള്ള പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള വിദ്യാമൃത അവാർഡ് പത്തനംതിട്ട കാതോലിക്കേറ്റ് ഹയർസെക്കണ്ടറി പ്രിൻസിപ്പാൾ ജേക്കബ് കോച്ചേരിക്ക് ലഭിച്ചു. വാകത്താനം സെന്റ് ജോൺസ് വലിയപള്ളി ഇടവകാംഗവും മലങ്കര അസോസിയേഷൻ പ്രതിനിധിയുമായ ഇദ്ദേഹം എഴുത്തുകാരൻകൂടിയാണ്. 25000 രൂപയും പ്രശസ്തിഫലകവും ഉൾപ്പെടുന്ന അവാർഡ് കാതോലിക്കേറ്റ് ആന്റ് എം.ഡി.സ്ക്കൂൾ കോർപറേറ്റ് മാനേജർ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവെച്ച് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായാണ് സമ്മാനിച്ചത്.

# കൂദാശ നിർവ്വഹിച്ചു

ജംഷഡ്പൂർ : മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ കുരിശുംതൊട്ടിയുടെയും സെന്റ് മേരീസ് മിഷൻ സ്ക്കൂളിന്റെയും കൂദാശാകർമ്മം കൽക്കട്ടാ ഭദ്രാസനാധിപൻ ഡോ.ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. മാർച്ച് 17ന് വൈകിട്ട് സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് നടന്ന കൂദാശയ്ക്ക് ഇടവക വികാരി ഫാ. പി.എസ്.വർഗീസ്, ഫാ.അജു വർഗീസ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു. ഇടവകാംഗങ്ങളോടൊപ്പം സമീപവാസികളും ചടങ്ങിൽ പങ്കെടുത്തു. ദീർഘമായ 46 വർഷത്തെ കാത്തിരിപ്പിനൊടുവിൽ നിർമ്മിച്ച പുതിയ ദേവാലയത്തിന്റെ കൂദാശാകർമ്മം ഇക്കഴിഞ്ഞ നവംബർ 26ന് ഭദ്രാസന മെത്രാപ്പോലീത്താ നിർവ്വഹിച്ചിരുന്നു. പുതുതായി നിർമ്മിച്ച കുരിശടി ഇടവകയുടെ വളർച്ചയുടെ ഒരു നാഴികകല്ലാണെന്നും ഇതിന്റെ നിർമ്മാണത്തിന് ആവശ്യമായ മുഴുവൻ ചിലവുകളും പേരു വെളിപ്പെടുത്താനാഗ്രഹമില്ലാത്ത ഒരു അഭ്യുദയകാംഷി വഹിച്ചു എന്നും ഇടവക വികാരി ആമുഖ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. ജംഷഡ്പൂർ സെന്റ് മേരീസ് മിഷൻ സ്ക്കൂളിന്റെ കൂദാശാകർമ്മം മാർച്ച് 18ന് ഞായറാഴ്ച രാവിലെ വി.കുർബ്ബാനയ്ക്കു ശേഷം മെത്രാപ്പോലീത്താ നിർവ്വഹിച്ചു. ഫാ.പി.എസ്. വർഗീസ്, ഫാ.അജു വർഗീസ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

# ശിലാസ്ഥാപനം

തിരുവിതാംകോട് അന്താരാഷ്ട്ര മാർത്തോമ്മൻ തീർത്ഥാടന കേന്ദ്രത്തോട് അനുബന്ധിച്ചു നിർമ്മിക്കുന്ന കാതോലിക്കേറ്റ് ശതാബ്ദി സ്മാരക മാർത്തോമ്മൻ ധ്യാനകേന്ദ്രം ശിലാസ്ഥാപന കർമ്മം പ.ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു. ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, മാനേജർ വെരി.റവ.ബർസ്ലീബി റമ്പാൻ, വെരി.റവ.ജോസഫ് സാമുവൽ കറുകയിൽ കോർഎപ്പിസ്കോപ്പാ, പ്രൊഫ.ഇ.ജേക്കബ് ജോൺ, ബി.സി.മോഹൻ, ജോസഫ് സാം, ശ്രീ.സ്വാമി കരുണാനന്ദജി മഹാരാജ്, അൻവർ ഹുസൈൻ എന്നിവർ സംബന്ധിച്ചു.

**Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor**